KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 7 July 2024 ₹:10/-



# 40th Day of Demise

# V.C Kuruwilla (Bose)



## May 2, 1945 - June 11, 2024

**"There are no goodbyes for us. Wherever you are, you will always be in our hearts."**

Your memory endures in every heartbeat and wind whisper. Without your warmth and light, life seems to have lost its charm. However, the thought that you're up there keeping an eye on us, brings comfort upon on us. Until we meet again, rest in peace Appacha.

**Children:** Hassy & Amir, Chessy & Renu, Thomman & Annu
**Grandchildren:** Suha, Sara, Ryan, Riya, Kuruvilla, Itty
Alumootil Vennuvillathu (Kallissery) Family

Advt - O

# ക്നാനായ ദീപം

2024 ജൂലൈ    പുസ്തകം 35    ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കണക്കറിയാത്ത മണ്ടനും.... 09
ഡോ. ജസ്റ്റിൻ തോമസ്

വീണ്ടും ചില വിദ്യാഭ്യാസ വിശേഷങ്ങൾ 15
സുനിൽ ഡി. കുരുവിള

വി. യോഹന്നാൻ ശ്ലീഹാ 17
കെ. സൂസി മാത്യു

ARE WE THE DESCENDANTS... 19
Philip Abraham Malecheril

സൺഡേ സ്കൂൾ... 20
നയന ജോസഫ് ആറുപറ

ഏവൻഗേലിയോൻ ദീപം 21
മിഥിൻ മോനാച്ചൻ നെടിയകാലാ

അനുസ്മരണം: ഏബ്രഹാം കുരുവിള 23
ജോയി കുറിയാക്കോസ്

വേദനയിൽ ഒളിച്ചിരിക്കുന്ന വിജയം 24
റ്റി. സി. തോമസ് തോപ്പിൽ

യഹോവ നിന്നെ വാലല്ല തലയാക്കും 25
സീമ ഷിന്റോ കന്നിയേൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

41 ഈറ്റുനോവിന്റെ കാലം
പ്രൊഫ. എം. എ. ഏബ്രഹാം മണിമലേത്ത്

43 ഇരുവായ്ത്തലവാൾ
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

45 മല്പാനോട് ചോദിക്കാം

46 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

[redacted]

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


[redacted]




## കർത്താവിൽ പ്രിയ ക്നാനായ ദീപം വായനക്കാർക്ക് ക്രിസ്തു യേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം

കർത്താവിൽ പ്രിയരെ,

ദൈവജനത്തിന്റെ ഐക്യം നഷ്ടപ്പെട്ടാൽ ആത്മീകതയുടെ അർത്ഥവും ശക്തിയും സാക്ഷ്യവും നഷ്ടമാകും. വിശ്വാസികൾ തമ്മിലുള്ള മാനസിക പൊരുത്തക്കേടുകൾ പരിഹരിച്ചില്ലെങ്കിൽ കുടുംബ വഴക്കുകൾക്ക് വഴി തെളിക്കും. പരിശുദ്ധ സഭയുടെ ഇന്നത്തെ ദു:സ്ഥിതി ഓർത്തു ഹൃദയം നൊമ്പരപ്പെടുന്ന അനേകർ ഉണ്ട്. ക്നാനായ സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഇന്ന് അസ്വസ്ഥരാണ്. ഐശ്വര്യമായും സ്വസ്ഥമായും പുരോഗതിയുടെ പാതയിൽ മുന്നേറുന്ന ഒരു അവസ്ഥയായിരുന്നു അടുത്തകാലം വരെയും. എന്നാൽ നാലു മെത്രാൻമാരുടെ വരവോടുകൂടി സമുദായ അന്തരീക്ഷം കറുത്തിരുണ്ടു. അസ്ഥാനത്തും ചിന്താശൂന്യമായും ഏകപക്ഷീയമായും പുറപ്പെട്ട ചില കല്പനകൾ സാഹചര്യം കൂടുതൽ കലുഷമാക്കി. പത്ര പ്രസ്താവനകളും Whats App ഗ്രൂപ്പുകളും വഴി വ്യാഖ്യാനങ്ങളുമായി അനേകർ രംഗപ്രവേശം ചെയ്തു. നിഴൽയുദ്ധമായി ആരംഭിച്ച് ആഹ്വാനങ്ങളും ആക്രോശങ്ങളുമായി വളർന്ന് പള്ളിയും അരമനകളും മൈതാനങ്ങളും തെരുവുകളും പ്രവർത്തന വേദിയായി മാറി. വാളെടുക്കുന്നവൻ വെളിച്ചപ്പാട് എന്ന അവസ്ഥയിലേക്ക് നീങ്ങി. ആർക്കും പള്ളികൾക്ക് കല്പന അയക്കാമെന്നു വന്നു. കല്പനകൾ കത്തിക്കുന്ന രീതിയിലേക്ക് വളർന്നു. പരിശുദ്ധ പാത്രിയർക്കീസിന്റെ കല്പനകളെ ആദരിക്കുകയില്ലെന്നു മാത്രമല്ല പരസ്യമായി ധിക്കരിക്കാനും ചെറുക്കുവാനും സന്നദ്ധരായി. ഇങ്ങനെ അനുദിനം സഭാകാര്യങ്ങൾ കൊടുംപിരികൊണ്ട് നീറിപ്പുകയാൻ തുടങ്ങി. അങ്ങിങ്ങ് ചില സ്ഥലങ്ങളിൽ രക്തച്ചൊരിച്ചിലിന്റെ അവസ്ഥവരെ എത്തി. മക്കൾ തമ്മിൽ ശണ്ഠകൂടുകയും വഴക്കിടുകയും ചെയ്യുമ്പോൾ പിതാക്കന്മാർ കക്ഷി തിരിഞ്ഞ് രംഗപ്രവേശം ചെയ്യാൻ തുടങ്ങി. ഈ പോക്ക് എവിടെ ചെന്ന് അവസാനിക്കും. ക്നാനായ സമുദായം കുടുംബബന്ധങ്ങൾകൊണ്ട് കെട്ടിപുണർന്നിരിക്കുന്ന അവസ്ഥ മാറിയാൽ കലഹം രൂക്ഷമായി തീരാൻ സാധ്യതയുണ്ട്. സഭയിലെ മെത്രാപ്പോലീത്താമാർ വിശ്വാസത്തിന്റെ കലവറക്കാരാണ്, പരാമാധികാരികളാണ്. ഈ പ്രതിസന്ധിയിൽ അവർ ഒരുമിച്ച് ഏക സ്വരമായി ചിന്തിക്കുകയും വ്യക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യുമെങ്കിൽ യാതൊന്നും ഭയപ്പെടാനില്ല. മാർത്തോമാ സഭയിൽ ദാനിയേൽ കേസ് ശക്തമായി വന്നപ്പോൾ ആ പ്രതിസന്ധി വിജയകരമായി തരണം ചെയ്‌വാൻ കഴിഞ്ഞത് അവിടുത്തെ എപ്പിസ്ക്കോപ്പന്മാർ ഒറ്റക്കെട്ടായി നിന്ന് സഭയ്ക്ക് നേതൃത്വം നൽകിയതുകൊണ്ടാണ്. ഇന്ന് സഭയ്ക്ക് ആവശ്യം മെത്രാപ്പോലീത്തന്മാരുടെ ഒറ്റക്കെട്ടായ നേതൃത്വമാണ്.

1958-ൽ അഭിവന്ദ്യ ഏബ്രഹാം മാർ ക്ലീമീസ് തിരുമേനി അന്ന് പാത്രിയർക്കീസ് ഭാഗത്തുണ്ടായിരുന്ന എല്ലാ തിരുമേനിമാരേയും അപ്രേം സെമിനാരിയിൽ വിളിച്ചു വരുത്തി ഒന്നിച്ച് ആവശ്യപ്പെട്ടപ്പോഴാണ് പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ മുൻകൈ എടുത്ത് മലങ്കര സഭയിൽ യോജിപ്പുണ്ടായത്. ഇന്നും നമ്മുടെ മെത്രാന്മാർ ഒരുമിച്ചുനിന്ന് സഭാ പ്രശ്നങ്ങളെ നേരിടുന്നതായി അനുഭവപ്പെട്ടാൽ പാത്രിയർക്കീസ് ബാവായുടെ പ്രതികരണം നിശ്ചയമായും അനുകൂലമായിട്ടേ വരികയുള്ളു. സംശയത്തിൽനിന്നും ആശങ്കയിൽനിന്നും ഉണ്ടായിട്ടുള്ളതും ഇവിടെ നിന്നും തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതുമായ സംഗതികൾ നീങ്ങി പരസ്പരമുള്ള വിശ്വാസക്കുറവും ആത്മതക്കുറവും പരിഹരിക്കണം. ഭരണഘടനയിലും കാനോനിലും പാത്രിയർക്കീസ് ബാവായ്ക്ക് അനുശാസിച്ചിട്ടുള്ള സ്ഥാനങ്ങളും അധികാരങ്ങളും അക്ഷരത്തിലും അർത്ഥത്തിലും നീക്കിക്കളയാനുദ്ദേശിക്കുന്നില്ല എന്ന് അദ്ദേഹത്തിന് ഉറപ്പു വരണം. അതുപോലെ ഇവിടുത്തെ ഭരണത്തിൽ കൈകടത്താൻ അദ്ദേഹം ഉദ്ദേശിക്കുന്നില്ല എന്നും വ്യക്തമാക്കണം. ഇങ്ങനെ നിസ്സാരമായ കാര്യങ്ങൾ ഊതി വീർപ്പിച്ച് പരസ്പരം വിദ്വേഷവും ശത്രുതയും വർദ്ധിപ്പിക്കുവാനല്ല തുനിയേണ്ടത്. അങ്ങനെയുള്ള സാഹസത്തിൽ അറിഞ്ഞോ അറിയാതെയോ മേലിൽ ഏർപ്പെടുകയില്ല എന്ന് ബഹുമാനപ്പെട്ട വൈദികരും ശെമ്മാശ്ശന്മാരും ജനങ്ങളും തീരുമാനിക്കുന്നത് കൊള്ളാം.

അഭിവന്ദ്യ തിരുമേനിമാർ ഒരുമിച്ച് നിന്ന് നേതൃത്വത്തിന്റെ ചുക്കാൻ പിടിക്കട്ടെ. സഭാമക്കൾ എല്ലാം അവരുടെ പിന്നിലുണ്ടാകും. അപ്പോൾ മൈതാനത്തിലെ വെല്ലുവിളികളും Whats App മെസേജുകളും കുറ്റക്കാരന്റെ ഓലിയിടിൽ മാത്രമായി കലാശിക്കും. ഈ സഭയേയും ക്നാനായ സമുദായത്തേയും ഇനിയും പിളരുവാനും പിളർക്കുവാനും അനുവദിക്കാവുന്നതല്ല.

എന്ന്

നിങ്ങളുടെ പ്രിയ റോയി അച്ചൻ

**നിഴൽ യുദ്ധമായി ആരംഭിച്ച് ആഹ്വാനങ്ങളും ആക്രോശങ്ങളുമായി വളർന്ന് പള്ളിയും അരമനകളും മൈതാനങ്ങളും തെരുവുകളും പ്രവർത്തന വേദിയായി മാറി. വാളെടുക്കുന്നവൻ വെളിച്ചപ്പാട് എന്ന അവസ്ഥയിലേക്ക് നീങ്ങി. ആർക്കും പള്ളികൾക്ക് കല്പന അയക്കാമെന്നു വന്നു. കല്പനകൾ കത്തിക്കുന്ന രീതിയിലേക്ക് വളർന്നു. പരിശുദ്ധ പാത്രിയർക്കീസിന്റെ കല്പനകളെ ആദരിക്കുകയില്ലെന്നു മാത്രമല്ല പരസ്യമായി ധിക്കരിക്കാനും ചെറുക്കുവാനും സന്നദ്ധരായി.**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**നാം ലോകത്തിന്റെ ഏത് ഭാഗത്ത് ആയാലും അവിടെയെല്ലാം നമ്മുടെ ക്നാനായ തനിമ കാത്തുസൂക്ഷിക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.**

കർത്താവിൽ പ്രിയരെ,

ജൂലൈ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. ജൂലൈ 3-ന് വി. തോമാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാൾ നാം ആചരിച്ചു. 'ഞങ്ങളുടെ കർത്താവും ദൈവവുമേ' എന്ന തോമാശ്ലീഹായുടെ സമർപ്പണത്തിന്റെ പ്രഘോഷണം നടത്തി. വി. തോമാശ്ലീഹായുടെ വിശ്വാസസമർപ്പണം നമ്മുടെ ജീവിതത്തിലേക്ക് പകർത്താനുള്ള ആഹ്വാനം ശ്രവിച്ചു. അത് ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തെ കൂടുതൽ സമർപ്പണത്തിലേക്ക് നയിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ക്നാനായ കത്തോലിക്കാ അതിരൂപതയുടെ ഒരു പരിപാടിയിൽ സംബന്ധിക്കുവാനായി യു.കെ.യിൽ പോകുവാൻ ഇടയായി. അവിടെ നമ്മുടെ സഹോദരങ്ങളെ കാണുവാനും അവരോടുള്ള സൗഹൃദം പുതുക്കുവാനും സാധിച്ചു. ഇത്തരം സംഗമങ്ങൾ നമ്മുടെ ക്നാനായ തനിമ ആഘോഷിക്കുവാനും അതിന്റെ പ്രത്യേകത പുതുതലമുറയ്ക്ക് ഉൾക്കൊള്ളാനും ഇടയാക്കും. അതിനോട് അനുബന്ധിച്ച് നമ്മുടെ മാഞ്ചസ്റ്റർ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുവാനും സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ ഒരു കുടുംബ സംഗമമായി അത് മാറാൻ ഇടയായി. എല്ലാവരെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. നാം ലോകത്തിന്റെ ഏത് ഭാഗത്ത് ആയാലും അവിടെയെല്ലാം നമ്മുടെ ക്നാനായ തനിമ കാത്തുസൂക്ഷിക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

ആഗസ്റ്റ് 1 മുതൽ ശൂനോയോ നോമ്പ് ആചരിക്കുന്നുവല്ലോ. എല്ലാവരും നിർബന്ധമായി 10 മുതൽ 15 വരെ നോമ്പ് ആചരിക്കണം. പരി. ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ 15-ന് നാം ആചരിക്കുന്നു. വി. ദൈവമാതാവിന് എത്ര മാത്രം സ്ഥാനം പരി. സഭ നൽകുന്നു എന്നതാണ് ഇത് പ്രഖ്യാപിക്കുന്നത്. ദൈവമാതാവായ മറിയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സഭയിൽ വചനിപ്പ് പെരുന്നാൾ മാർച്ച് 25ന് ആചരിക്കുന്നു കൂടാതെ, ഡിസംബർ 26-ന് ദൈവമാതാവിന്റ പുകഴച്ചപെരുന്നാൾ, ജനുവരി 15-ന് വിത്തുകളെ പ്രതിയും മെയ് 15-ന് കതിരുകളെ പ്രതിയും ആഗസ്റ്റ് 15 ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും സഭ ആചരിക്കുന്നു. ദൈവമാതാവിന്റെ ജനനത്തോട് അനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടു നോമ്പ് നാം ആചരിക്കുന്നുണ്ട്. യേശുവിനോട് ചേർന്ന് മാത്രമെ പരിശുദ്ധ അമ്മയ്ക്ക് സ്ഥാനം നല്കുന്നുള്ളു എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഈ നോമ്പ് ആചരണവും, പെരുന്നാളുമെല്ലാം നമ്മുടെ വിശ്വാസ ജീവിതത്തെ കൂടുതൽ ശക്തീകരിക്കുവാൻ ഇടയാകണം.

ആഗസ്റ്റ് 6-ന് കൂടാരപ്പെടുന്നാൾ നാം ആചരിക്കുന്നു. മറുരൂപപ്പെരുന്നാൾ എന്നും അറിയപ്പെടുന്ന ഈ പെരുന്നാളിൽ യേശു യെരുശലേമിൽ പ്രാപിക്കാനിരിക്കുന്ന നിര്യാണത്തെക്കുറിച്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ മോശയും, ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ട ഏലിയാവും യേശുവിനോട് സംസാരിക്കുന്നു. വാങ്ങിപ്പോയവർ സജീവരാണെന്നും, അവർ നമ്മോടുകൂടെ ആരാധനയിൽ പങ്കെടുക്കുന്നുവെന്നുള്ള നമ്മുടെ വിശ്വാസവും വാങ്ങിപ്പോയവർക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതിന്റെ സാംഗത്യവുമെല്ലാം കൂടാരപ്പെരുന്നാൾ ആചരണം നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ജീവിതം കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാൻ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

നമ്മുടെ സമുദായം വലിയ പ്രതിസന്ധികളിൽ കൂടിയാണ് കടന്നുപോകുന്നത് എന്ന് എല്ലാവർക്കും അറിയാം. ധാരാളം കേസുകൾ ഓരോ ദിവസവും സമുദായത്തിനെതിരായി ഒരു കൂട്ടർ ഫയൽ ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധി യികൾക്കിടയിലും ക്നാനായ കമ്മിറ്റി വികസന പ്രവർത്ത നങ്ങളുമായി മുന്നോട്ട് പോവുകയാണ്. ഈ മാസം രണ്ടു സ്ഥാപനങ്ങളുടെ ഉദ്ഘാടനം നടക്കുകയാണ്.

ഒന്ന്, കുറിച്ചിയിൽ വനിതാ മന്ദിരത്തോട് ചേർന്നുള്ള സമു ദായ വക കെട്ടിടത്തിൽ ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേ ജ്മെന്റ് ആൻഡ് ടെക്നോളജി എന്ന വിദ്യാഭ്യാസ സ്ഥാപനം തുറന്നു പ്രവർത്തനം ആരംഭിച്ചു. വിദേശ രാജ്യങ്ങളിൽ ജോലിസാദ്ധ്യതയുള്ള വിവിധ കോഴ്സുകളാണ് ഇവിടെ ആരംഭിച്ചിരിക്കുന്നത്. സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഇത് വലിയ ഒരു അനുഗ്രഹമാണ് എന്നും സന്തോഷത്തോടെ അറിയിക്കട്ടെ.

കൂടാതെ ക്നാനായ സമുദായത്തിന് വിപുലമായ ഒരു ബുക്ക് സ്റ്റാൾ സമുദായത്തിന്റെ പുതിയ ഷോപ്പിംഗ് കോംപ്ല ക്സിൽ പ്രവർത്തനം ആരംഭിച്ചു. സമുദായത്തിലെ ദൈവാ ലയങ്ങൾക്ക് ആവശ്യമുള്ള മുഴുവൻ സാധനങ്ങളും അവി ടുന്ന് ലഭിക്കുന്നതാണ്.

ക്നാനായ സമുദായ അംഗങ്ങൾ സാമൂഹിക, സാംസ്കാ രിക, രാഷ്ട്രീയ, ബിസിനസ് തുടങ്ങി പല മേഖലകളിലും പ്രവർത്തിക്കുന്നവരാണ്. കേരളത്തിലെ ക്രൈസ്തവ സഭാ അംഗങ്ങളും, സഭാമേലദ്ധ്യക്ഷന്മാരും, രാഷ്ട്രീയ നേതാക്ക ന്മാരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ക്നാനായ സമുദായ മെത്രാപ്പോലീത്തയായ അഭി. സേവേറിയോസ് തിരുമേനി യുടെമേൽ പാത്രിയർക്കീസ് ബാവ നടപടിയെടുത്തതിന്റെ കാരണം എന്താണ്? വിവരവും വിദ്യാഭ്യാസവും ഉള്ള ഈ രാജ്യത്തെ ജനങ്ങളോട് അതിന് ചുരുങ്ങിയ വാക്കിൽ ഉത്തരം പറയുവാൻ ഞങ്ങൾ എല്ലാവരും വിഷമിക്കുകയാണ്.

ഒരു സമുദായ മേലദ്ധ്യക്ഷന്റെമേൽ നടപടി എടുക്കണ മെങ്കിൽ എന്തെല്ലാം കുറ്റങ്ങൾ അദ്ദേഹം ചെയ്തിരിക്കണം.

1. മതപരിവർത്തനം ചെയ്തിരിക്കണം
2. സ്വഭാവദൂഷ്യം ഉണ്ടായിരിക്കണം
3. വേദവിപരീതി ആയിരിക്കണം.
4. മാനസിക രോഗി ആയിരിക്കണം
5. സാമ്പത്തിക തിരിമറി നടത്തിയവൻ ആയിരിക്കണം.

ഇങ്ങനെയുള്ള കാര്യങ്ങളുണ്ടായാൽ മറ്റ് ക്രൈസ്തവ സഭ കളിൽ നടപടി എടുക്കും. എന്നാൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ മേൽ മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു കാര്യം ചുമത്തുവാൻ ആർക്കെങ്കിലും കഴി യുമോ? പിന്നെ എന്താണ് കാര്യം.

അദ്ദേഹം ഇരിക്കുന്ന കസേരയിൽ ഇരിക്കുന്നതിനുള്ള സഹായമെത്രാൻമാരുടെ അതിമോഹവും, അസൂയവും, പകയും അധികാര കൊതിയുമാണെന്ന് ആരെങ്കിലും പറ ഞ്ഞാൽ അവരെ കുറ്റം പറയുവാൻ കഴിയുമോ?

2014 മുതൽ ഇപ്പോഴത്തെ ബാവായുടെ സ്ഥാനാരോ ഹണം കഴിഞ്ഞതിനുശേഷം എന്തെല്ലാം പീഡനങ്ങൾ ആണ് സമുദായ മെത്രാപ്പോലീത്ത സഹിച്ചത് എന്ന് ഒന്ന് തിരിഞ്ഞു നോക്കിയാൽ മനസ്സിലാകും.

ഓർമ്മയിൽ നിന്ന് പറഞ്ഞാൽ

1. 2015–ൽ അമേരിക്കയിൽ ചെന്ന സമുദായ മെത്രാപ്പോ ലീത്തായെ ഞായറാഴ്ച ദിവസം പള്ളിയിൽ കയറ്റാതെ ഹോട്ടൽ മുറിയിൽ ഇരുത്തിയത് എന്തിനാണ്?
2. അദ്ദേഹത്തിന്റെ ആർച്ച്ബിഷപ്പ് സ്ഥാനവും വലിയമെ ത്രാപ്പോലീത്ത സ്ഥാനവും എടുത്തു മാറ്റിച്ചത് എന്തിനാണ്?
3. ശപിക്കപ്പെട്ടവനും, പിശാച് ബാധിതനും എന്ന് പറഞ്ഞ് കല്പന ഇറക്കിയത് എന്തിനാണ്?
4. ബാവായെ സ്വീകരിക്കുവാൻ എയർ പോർട്ടിൽ ചെന്ന പ്പോൾ ബാവ എല്ലാ മെത്രാന്മാരെയും കെട്ടിപ്പിടിച്ച് സ്വീകരി ച്ചപ്പോൾ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ റ്റേൺ വന്നപ്പോൾ മുഖം തിരിച്ചത് എന്തിനാണ്?
5. ലെബനോനിൽ പട്ടംകൊട ശുശ്രൂഷയിൽ ആകമാന സുറിയാനി സഭയുടെ മുഴുവൻ മെത്രാൻമാരും കാപ്പ ധരിച്ച പ്പോൾ ക്നാനായ മെത്രാച്ചൻമാർ കറുത്ത കുപ്പായം മാത്രം ഇട്ടത് എന്തിനാണ്?
6. ലെബനോനിലെ ആകമാന സിനഡിന്റെ ഫോട്ടോ സെഷനിൽ നിന്നും ക്നാനായ മെത്രാൻമാരെ മാറ്റിനിർത്തി യത് എന്തിനാണ്?
7. ഏറ്റവും ഒടുവിൽ സമുദായ മെത്രാപ്പോലീത്തായെ സസ്പെൻഡ് ചെയ്ത് എന്തിനാണ്?
8. സമുദായ മെത്രാപ്പോലീത്തായുടെ സ്ഥാനത്ത് സഹാ യമെത്രാനെ സമുദായ മെത്രാപ്പോലീത്തയായി നിയമിച്ചത് എന്തിനാണ്?
9. 2014 ൽ ഇപ്പോഴത്തെ ബാവായുടെ തെരഞ്ഞെടുപ്പിൽ ബാവായ്ക്ക് സമുദായ മെത്രാപ്പോലീത്താ വോട്ട് ചെയ്തില്ല എന്ന് സഹായമെത്രാൻമാർ സാക്ഷികളെ നിരത്തി കള്ള സാക്ഷ്യം പറഞ്ഞതുകൊണ്ടല്ലേ ഈ പീഡനങ്ങളുടെ ഒരു കാര്യം എന്നു പറഞ്ഞാൽ നിഷേധിക്കാമോ?
10. 2014 മുതൽ 2024 വരെ പത്തുവർഷം ഒരു സാധുമെ ത്രാനെ പീഡനങ്ങൾ കൊണ്ട് രാത്രി ഉറക്കം നഷ്ടപ്പെടുത്തി ഇരുത്തിയത് എന്തിനാണ്?

അദ്ദേഹം ചെയ്ത കുറ്റം

1. ക്നാനായ സമുദായത്തെ നാല് കഷണം ആക്കി വെട്ടി മുറിക്കുന്നതിന് എതിരെ നിന്നതാണോ?
2. ക്നാനായ ഭരണഘടന സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം ചെയ്ത ത്യാഗം ആണോ?
3. യാക്കോബായ സഭയ്ക്ക് ഉണ്ടായ നഷ്ടം ക്നാനായ

സമുദായത്തിന് ഉണ്ടാകാതെ ഇരിക്കുവാൻ അദ്ദേഹം എടുത്ത നിലപാടാണോ?

4. കേരള ക്രൈസ്തവ സഭകളിൽ ക്നാനായ സമുദായത്തിന് ഉണ്ടായ അഭിമാനകരമായ ഉയർച്ചയാണോ?

5. ക്നാനായ സമുദായത്തിന് സ്വന്തം കാലിൽ നിൽക്കുവാൻ കടബാധ്യതകൾ നീക്കി ആസ്തി വർദ്ധിപ്പിച്ചതാണോ?

6. ജീർണ്ണാവസ്ഥയിൽ കിടന്ന സമുദായ ആസ്ഥാനമന്ദിരം പുനരുദ്ധരിച്ചതാണോ?

7. പൂർവ്വപിതാക്കന്മാർ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സ്മാരകം പണിതതാണോ?

8. സമുദായത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണോ?

9. സമുദായ മെത്രാപ്പോലീത്ത വാദിയായി ഒരു കേസ്പോലും കൊടുക്കാതെ ഇരുന്നതാണോ?

ക്നാനായ ജനമേ, നിങ്ങൾ ഇതിന് ഉത്തരം പറയുക. ഞങ്ങൾ എത്ര ആലോചിച്ചിട്ടും ഇതിന് ഉത്തരം ലഭിക്കുന്നില്ല.

അകാരണമായി ആണ് സമുദായ മെത്രാപ്പോലീത്തായുടെ മേൽ പാത്രിയർക്കീസ് ബാവ നടപടി എടുത്തത് എന്ന് വളരെ വ്യക്തമാണ്. ഇപ്പോൾ ക്നാനായ സമുദായത്തിലെ എല്ലാ ദൈവാലയത്തിലും സമുദായ മെത്രാപ്പോലീത്തായെ സ്വീകരിച്ചുകൊണ്ട് എല്ലാ ഞായറാഴ്ചകളിലും വി. ബലി അർപ്പിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്.

23-06-2024 ഞായറാഴ്ച രാവിലെ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി കുറിച്ചി മോർ ഇഗ്നാത്തിയോസ് പള്ളിയിൽ (തകിടിപള്ളി) വി. കുർബ്ബാന അർപ്പിക്കുന്നതിനും സൺഡേസ്കൂൾ കുട്ടികൾക്കുള്ള അവാർഡ്ദാനം നടത്തുന്നതിനും വേണ്ടി പള്ളി മാനേജിംഗ് കമ്മിറ്റിയുടെയും വികാരിയുടെയും ക്ഷണം സ്വീകരിച്ച് പള്ളിയുടെ ഗേറ്റിൽ എത്തിയപ്പോൾ ഇടവകയിലെ സ്ത്രീപുരുഷന്മാർ മുത്തുക്കുടകളുമായി സ്വീകരിക്കുന്നതിന് ഒരുങ്ങി നിൽക്കുകയായിരുന്നു. ആ സമയം റിജോ ജേക്കബ് കരിമ്പന്നൂർ, കുറിച്ചി എന്ന വ്യക്തിയും, മനോജ് മാത്യു നായിക്കമഠത്തിൽ എന്നയാളും പെട്ടെന്ന് തിരുമേനിയുടെ മേൽ ആക്രോശിച്ചുകൊണ്ടും, അസഭ്യം പറഞ്ഞുകൊണ്ടും ചാടിവീണ് സമുദായമെത്രാപ്പോലീത്തായെ അപായപ്പെടുത്തുവാൻ തുടങ്ങിയപ്പോൾ സ്വീകരണത്തിനുവന്ന ആളുകൾ ജീവൻ രക്ഷിക്കുവാൻ വേണ്ടി സംരക്ഷണം കൊടുത്തപ്പോൾ, ഇയാൾ ഇടവകജനത്തിനെതിരെ തിരിയുകയും അവരെ ആക്രമിക്കുകയും ചെയ്തു. തുടർന്നുണ്ടായ ഉന്തിലും തള്ളിലും സമീപത്തുള്ള മതിൽക്കെട്ടിലേയ്ക്ക് ഇയാൾ വീഴുകയും അയാളുടെ നെറ്റി മുറിയുകയും ചെയ്തു. വീണ്ടും ഇയാൾ ദൈവാലയത്തിനുള്ളിൽ പ്രവേശിച്ച് പുറത്തിറങ്ങാതെയിരുന്നപ്പോൾ ഇടവക വികാരി പോലീസിനെ അറിയിച്ചതിന്റെ ഫലമായി പോലീസ് അവിടെ എത്തുകയും, അവരുടെ സാന്നിദ്ധ്യത്തിൽ തിരുമേനിയെ വീണ്ടും ആക്രമിക്കുന്നതിനുവേണ്ടി ദേവാലയത്തിന്റെ മദ്ബഹായിൽ കയറുവാൻ ശ്രമിച്ചപ്പോൾ പോലീസ് അദ്ദേഹത്തെ ബലമായി പിടിച്ച് ദൈവാലയത്തിന്റെ പുറത്തു കൊണ്ടുപോകുകയും ആക്രമിയെ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുകയും ചെയ്തു.

ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ ചുമതലകളെയും ഉത്തരവാദിത്വങ്ങളെയും കടമകളെയും നിറവേറ്റുന്നതിൽ ആരും തടസ്സം നിൽക്കുവാൻ പാടില്ലായെന്ന് കോട്ടയം മുൻസിഫ് കോടതിയുടെ OS 206/24 IA No.2/2024 ആയി 18-05-2024 ൽ ഇറങ്ങിയ കോടതി ഉത്തരവിന്റെ ലംഘനമാണ് ഈ വ്യക്തികൾ നടത്തിയിട്ടുള്ളത്. ഈ സംഭവത്തിന് രണ്ടു ദിവസം മുമ്പു മുതൽ റിജോ ജേക്കബ് കരിമ്പന്നൂർ സോഷ്യൽ മീഡിയായിൽ കൂടി ക്നാനായ സമുദായ മെത്രാപ്പോലീത്തായെ അപായപ്പെടുത്തും എന്ന രീതിയിൽ വോയിസ് മെസ്സേജ് ഇട്ടിട്ടുണ്ട്. കൂടാതെ തലേദിവസം സമുദായ മെത്രാപ്പോലീത്തായുടെ ഇനിയുമുള്ള പരിപാടികൾ എല്ലാം അവസാനിപ്പിക്കാം എന്ന രീതിയിൽ വധഭീഷണി മുഴക്കിയതിന്റെ വോയിസും എല്ലാവർക്കും സോഷ്യൽ മീഡിയായിലൂടെ ലഭിച്ചിട്ടുണ്ടല്ലോ.

ആയതിനാൽ ക്നാനായ സമുദായമെത്രാപ്പോലീത്തായെ അപായപ്പെടുത്തുന്നതിനുവേണ്ടി നടന്ന ഗൂഢാലോചനയുടെ ഫലമാണ് ഈ സംഭവം. ഗൂഢാലോചനയിൽ പ്രവർത്തിക്കുന്നവരുടേയും വധശ്രമത്തിന് പരസ്യമായി പ്രവർത്തിച്ച റിജോ കരിമ്പന്നൂരിന്റെയും, മനോജ് നായിക്കമഠത്തിന്റെയും പേരിൽ മാതൃകാപരമായ നടപടിയെടുക്കണമെന്ന് 23-06-2024 ൽ 5.P.M. ന് മോർ അപ്രേം സെമ്മിനാരിയിൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെ ഐക്യകണ്ഠേനയുള്ള തീരുമാന പ്രകാരം ബഹു. ചിങ്ങവനം സ്റ്റേഷൻ പോലീസ് ഓഫീസർക്ക് ഈ അക്രമികളുടെ മേൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കേസ് കൊടുത്തിട്ടുണ്ട്.

മെയ് മാസം 21-ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കിയ ഭരണഘടന ഭേദഗതികൾ നടപ്പാക്കുന്നത് മുൻസിഫ് കോടതി ഉത്തരവിന് അനുസൃതമായിരിക്കണം എന്ന് ഹൈക്കോടതിയുടെ വിധിയുണ്ടായിരുന്നു.

അതനുസരിച്ച് മുൻസിഫ് കോടതി OS 204 ലെ ഒരു IA-ൽ ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവിൽ അസ്സോസിയേഷൻ മീറ്റിംഗിൽ എടുത്ത ഭേദഗതി റദ്ദാക്കിയിട്ടില്ല. എന്നാൽ അത് നടപ്പാക്കുന്നത് OS 506 കേസിന്റെ വിധിക്ക് ശേഷമേ പ്രാബല്യത്തിൽ വരുത്താവൂ എന്നാണ്. അതുവരെ 2003-ലെ ഭരണഘടന അനുസരിച്ച് സമുദായം ഭരിക്കപ്പെടണം എന്നാണ്. ഇതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് പലരും പല രീതിയിൽ പ്രസ്താവിക്കുന്നുണ്ട്. അതൊക്കെ സമുദായ അംഗങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉളവാക്കുന്നതിനാണ്.

ഓൺലൈൻ വോട്ടിംഗ് നടത്തരുത് എന്ന് എവിടെയെങ്കിലും ഈ ഓർഡറിൽ പറഞ്ഞിട്ടില്ല.

21-05-2024 ൽ കൂടിയ ഭരണഘടനാ ഭേദഗതി തെറ്റാണെന്ന് കോടതി പറഞ്ഞിട്ടില്ല. 506 കേസ് നിലനിൽക്കുന്നതുകൊണ്ട് കേസ് തീരുന്നതുവരെ നടപ്പിൽ വരുത്തരുത് എന്നാണ് പറഞ്ഞിരിക്കുന്നത്.

വിധിയുടെ 20-ാം ഖണ്ഡിക വായിക്കുക. അതിൽ പറയുന്നത് ഇപ്രകാരമാണ്. "ബഹു.കേരള ഹൈക്കോടതിയുടെ വിധിയിൽ നിന്ന്, പ്രസ്തുത കേസ് (OS 506/13) തീർപ്പാക്കുന്നതുവരെ സമുദായത്തിലെ അംഗങ്ങൾ 2003 ലെ ഭരണഘടന പിന്തുടരേണ്ടതുണ്ടെന്ന് വ്യക്തമാണ്. OS 506/2013 എന്ന സ്യൂട്ട് അന്തിമമായി തീർപ്പാക്കാത്തതിനാൽ നാളിതുവരെ, പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ ഉണ്ട്.

ഏറ്റവും പ്രധാനമായി, ദയവായി ഖണ്ഡിക 26 വായിക്കുക. അത് ഇനിപ്പറയുന്ന രീതിയിൽ പറയുന്നു "അതിനാൽ,. **OS 506/203** ൽ OP (c) 1773/16 ൽ ബഹുമാന

പ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചപ്രകാരം സമുദായം 2003 ഭരണഘടന പിന്തുടരേണ്ടതുണ്ട്. അതിനാൽ Exhibit A2 (2003 ഭരണഘടന) പ്രാബല്യത്തിലുണ്ട്. Exhibit A1 (2013 ഭരണഘടന) നിലനിൽക്കുകയില്ല”.

“സമുദായം മൊത്തത്തിൽ ഇന്നുവരെ 2003 ഭരണഘടനയെ പിന്തുടരുകയാണ്” എന്ന് പറയുന്ന ഖണ്ഡിക 38-ൽ അവസാന വാക്യത്തിൽ ഇത് വീണ്ടും ആവർത്തിക്കുന്നു.

ഖണ്ഡിക 45 ൽ ഇത് വീണ്ടും ആവർത്തിക്കുന്നു “2013 ൽ ഭരണഘടന ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ചതും ഭേദഗതികൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയതും ശ്രദ്ധേയമാണ് (എക്സിബിറ്റ് എ 1). ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ കാരണം അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

OS 506/13 നീക്കം ചെയ്യുന്നതുവരെ 2003 ലെ ഭരണഘടന പിന്തുടരാനാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ്.

2013 ലെ ഭേദഗതികളുടെ നിയമസാധ്യത ഇപ്പോഴും ചോദ്യം ചെയ്തിരിക്കുകയാണ്.

ഖണ്ഡിക 46 ലും 47 ലും ഇത് വീണ്ടും ആവർത്തിക്കുന്നു. ഈ സ്യൂട്ട് തീർപ്പാക്കുന്നതുവരെ 21-05-2024 ന് ചേർന്ന യോഗത്തിൽ വരുത്തിയ ഭേദഗതികൾ നടപ്പിലാക്കുന്നത് നിരോധിക്കുന്നത് ഉചിതവുമാണെന്ന് ഖണ്ഡിക 48 ൽ നിഗമനം ചെയ്തിരിക്കുന്നത്. (എക്സിബിറ്റ് എ 11) ലെ പാത്രിയർക്കിസ്ബാവയുടെ 15 ഇന നിർദ്ദേശങ്ങൾ ക്നാനായ സമുദായം നടത്തണമെന്ന് വിധിന്യായത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ഇതാണ് വസ്തുത.

ഇത് നമ്മുടെ സമുദായത്തിലെ രണ്ട് സഹായമെത്രാൻമാർ കൊടുത്ത കേസിൽ ഉണ്ടായ വിധിയാണ്. 2003 ഭരണഘടന അനുസരിച്ച് ക്നാനായ സമുദായം ഭരിക്കപ്പെടണം എന്നത്. ഈ വിധി അവർ അംഗീകരിച്ച് മുൻപോട്ടു പോകണം എന്നാണ് ക്നാനായ കമ്മിറ്റിക്ക് പറയുവാൻ ഉള്ളത്.

ക്നാനായ സമുദായത്തിന്റെ ദൈവാലയത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ കല്പന അവിടെ ശുശ്രൂഷിക്കുന്ന വൈദികൻ വായിക്കുന്നില്ല എങ്കിൽ ആ വൈദികന് ആ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുവാൻ യാതൊരു അർഹതയുമില്ല.

തീർച്ചയായിട്ടും ഈ കാര്യത്തിൽ ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും കൂടി സമുദായമെത്രാപ്പോലീത്തായുമായി ചേർന്ന് ഇങ്ങനെയുള്ള വൈദികരുടെ മേൽ ശക്തമായ നടപടി ഉണ്ടാകും എന്ന് സമുദായ അംഗങ്ങളെ അറിയിക്കുന്നു.

ക്നാനായ സമുദായത്തിൽ ശാശ്വത സമാധാനത്തിനു വേണ്ടി ഏത് ചർച്ച നടത്തുവാനും ക്നാനായ കമ്മിറ്റി സന്നദ്ധമാണെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

ക്നാനായ കമ്മിറ്റിക്കുവേണ്ടി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി



# കണക്കറിയാത്ത മണ്ടനും അതിബുദ്ധിയുള്ള അപ്പനും



**ഡോ. ജസ്റ്റിൻ തോമസ്**
International Corporate Trainer and Public Speaker,
Educational Institutions Trainer
Ph. 9847031166

അമ്മയും അപ്പനും ഉയർന്ന ജോലി ചെയ്യുന്നവർ. അപ്പൻ മെഡിക്കൽ ഫീൽഡിലാണ്. രണ്ടു മക്കൾ. അപ്പന്റെ അഭിപ്രായത്തിൽ മൂത്തവൻ മണ്ടനാണ്. ഇളയവനു കണക്കറിയാം. അതിനാൽ അവൻ മിടുക്കനാണ്. ഈ അപ്പൻ മറ്റൊന്നുകൂടി കണ്ടെത്തി. മൂത്തവൻ ഭാര്യയുടെ കുട്ടിയാണ്. കാരണം, കണക്കറിയില്ല. ഇളയവൻ ഇദ്ദേഹത്തിന്റെതാണ്. കാരണം കണക്കറിയാം! മൂത്തവനെ ലാളിക്കില്ല. മടിയിൽ ഇരുത്തില്ല. കാരണം അവൻ മണ്ടനാണ്. മെഡിക്കൽ ഫീൽഡിൽ ഉയർന്ന ഡിഗ്രിയും ഉദ്യോഗവുമുള്ള തന്റെ ഭർത്താവിന് ചെറിയ ഒരു വലിയ പ്രശ്നമുണ്ടെന്നു ഭാര്യക്കറിയാം. അത് അവർ പുറത്തുപറഞ്ഞാൽ ഭർത്താവ് ഇവരെ വീട്ടിൽ നിന്നു പുറത്താക്കും. അതിനാൽ, അവർ മകനെ കണക്കു പഠിപ്പിക്കാനായി പഠിച്ച പണി പതിനെട്ടും നോക്കുന്നു. അങ്ങനെ ഇവർ കൗൺസിലിംഗിനായി എന്റെയടുക്കൽ എത്തി.

മകന്റെ പ്രശ്നം ഡിസ്കാൽക്കൂലിയ. തലച്ചോറിന്റെ ചില പ്രത്യേകതകളുടെ ഫലമായി (ജന്മനാ ഉള്ളതോ, സാഹചര്യവശാൽ ഉണ്ടായതോ ആയവ) ഗണിതശാസ്ത്രം മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടാണ് ഡിസ്കാൽക്കൂലിയ. അപ്പൻ നാർസിസ്റ്റ് വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുമുണ്ട്. അവനവന്റെ കഴിവിൽ മതിമറന്ന് മറ്റുള്ളവരെ അടച്ചാക്ഷേപിക്കുന്ന ഒരുതരം വ്യക്തിത്വ വൈകല്യമാണിത്. അമ്മ മാനസികാരോഗ്യമുള്ള വ്യക്തിയാകയാൽ മകനിൽ കൗൺസിലിംഗും പഠനവൈകല്യത്തെ മറികടക്കാനുള്ള വിദ്യകളും ഫലിച്ചു. അവൻ അവരുടെ നാട്ടിലെ അഞ്ചാം ഗ്രേഡ് നല്ല മാർക്കോടെ വിജയിച്ചു. താൻ എല്ലാം തികഞ്ഞവനാണെന്നും മെഡിക്കൽ ഫീൽഡിൽ താൻ അതിബുദ്ധിമാനാണെന്നും അപ്പൻ കരുതുന്നതിനാൽ അദ്ദേഹത്തിന്റെ പ്രശ്നം ഇപ്പോഴും തുടരുന്നു. കുറുന്തോട്ടിക്കു വാതം വന്ന അവസ്ഥ! മകന്റെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടതിനാൽ ഇദ്ദേഹത്തിന്റെ ഭാര്യ കുറച്ചുകൂടി ധൈര്യശാലിയായി. അതിനാൽത്തന്നെ ഭർത്താവ് ഇപ്പോൾ അതിരുവിട്ട പെരുമാറ്റങ്ങൾ വളരെ കുറച്ചിരിക്കുന്നു. ഈ ലേഖനത്തിൽ ഇന്നു നാം ചർച്ച ചെയ്യുന്നത് പഠനവൈകല്യങ്ങളെക്കുറിച്ചാണ്.

**എന്താണ് പഠനവൈകല്യം?**

തലച്ചോറിന്റെ ചില പ്രത്യേകതകളാൽ (വൈകല്യങ്ങളാൽ) പഠനമികവോടെ ബൗദ്ധിക വിജ്ഞാനം നേടാൻ കഴിയാതെ വരുന്ന അവസ്ഥയാണ് പഠനവൈകല്യം. വായിക്കാനുള്ള ബുദ്ധിമുട്ട്, എഴുതാനുള്ള ബുദ്ധിമുട്ട്, ഗണിതശാസ്ത്ര സംബന്ധികളായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ബുദ്ധിമുട്ട്, ശരിയായ ശരീരഭാഷ പഠിച്ചെടുക്കാനുള്ള ബുദ്ധിമുട്ട് എന്നിവയെല്ലാം പൊതുവായി പഠനവൈകല്യങ്ങളുടെ ഗണത്തിൽപ്പെടുന്നു.

തലച്ചോറിന്റെ ജന്മനായുള്ള പ്രത്യേകതകൾ, ഗർഭപാത്രത്തിൽവച്ചോ ജനിച്ച സമയത്തോ ജനിച്ചതിനുശേഷമോ തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ, തലച്ചോറിനെ ബാധിക്കുന്ന ചില രോഗങ്ങൾ ഇവയൊക്കെ പഠനവൈകല്യങ്ങളിലേയ്ക്ക് കുട്ടിയെ നയിക്കാം. കൂടാതെ, കുട്ടിയുടെ പരിസ്ഥിതിയിലെ രാസവസ്തുക്കളുടെ അമിതസ്വാധീനം, പോഷകാംശത്തിന്റെ കുറവ് എന്നിവയും പഠനവൈകല്യത്തിലേക്കു നയിക്കാം.

**പഠനവൈകല്യങ്ങളുടെ ലക്ഷണങ്ങൾ**

പഠനവൈകല്യങ്ങളുടെ പൊതുവായ ലക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. എഴുതുവാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്
2. ഓർത്തിരിക്കാനുള്ള ബുദ്ധിമുട്ട്
3. ഗണിതശാസ്ത്ര സംബന്ധിയായ വിഷയങ്ങൾ പഠിക്കാനുള്ള ബുദ്ധിമുട്ട്
4. സമയവുമായി ബന്ധപ്പെട്ടു വ്യക്തതയില്ലായ്മ.
5. കാര്യങ്ങൾ അടുക്കും ചിട്ടയോടുകൂടി ചെയ്യാൻ കഴിയായ്ക.
6. നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യാനും കഴിയായ്ക.
7. വികലമായ ശാരീരികചേഷ്ടകൾ

മേൽ സൂചിപ്പിച്ച ലക്ഷണങ്ങളെ കൂടുതലായി വിശകലനം ചെയ്യുമ്പോൾ പേരുകൾ വായിക്കാൻ പറ്റാതെ വരിക, വളരെ സ്പീഡിൽ വായിക്കുക, വായിക്കേണ്ട വാക്കുകൾക്കു പകരം മറ്റു വാക്കുകൾ വായിക്കുക. വളരെ പതുക്കെ വായിക്കുക. ഗണിതശാസ്ത്രത്തിലെ രൂപങ്ങൾ, സാദൃശ്യങ്ങൾ എന്നിവ മനസ്സിലാക്കുവാൻ കഴിയാതെ വരിക, എഴുതുമ്പോൾ അക്ഷരങ്ങൾ മാറിപ്പോവുക, എഴുതുന്ന രീതി മാറ്റിയെഴുതുക, എഴുതുമ്പോൾ കൈ ശരിയായ രീതിയിൽ പിടിക്കാതിരിക്കുക എന്നിങ്ങനെ അനേകം പ്രശ്നങ്ങൾ കണ്ടെത്താം.

**പഠനവൈകല്യങ്ങളും പരിഹാര മാർഗ്ഗങ്ങളും**

ലഭ്യമായ കണക്കുകൾപ്രകാരം, ഭാരതത്തിൽ കുട്ടികളിൽ പത്തുശതമാനത്തിനു പഠനവൈകല്യങ്ങളുണ്ടെന്നു കണ്ടെ

ത്തിയിരിക്കുന്നു. വ്യക്തിപരമായി പഠനവൈകല്യങ്ങൾ ഉണ്ടായിരുന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റേതും. പതിനേഴു വയസ്സു കഴിഞ്ഞതോടെ എന്റെ പ്രശ്നങ്ങൾക്കു പരിഹാരം ലഭിച്ചു തുടങ്ങി. ഇന്ന് കൗൺസിലിംഗിനെത്തുന്ന പലരോടും ഞാൻ എന്നെക്കുറിച്ച് പറയാറുണ്ട്. കാരണം എന്റെ പഠന വൈകല്യങ്ങൾ മാറിയത് സ്വാഭാവികമായിത്തന്നെയാണ്. ഇതു പറയാൻ കാരണം ഒരു വലിയ ശതമാനം മനഃശാസ്ത്ര വിദഗ്ധർ പഠനവൈകല്യങ്ങൾ തനിയെ മാറും എന്നു വിശ്വസിക്കുന്നു. എന്നാൽ ഇന്ന് പഠനവൈകല്യങ്ങളെ നേരത്തെ കണ്ടെത്തുന്നതിനും ഒരളവിൽ പരിഹാരം നേടുന്നതിനും ശാസ്ത്രീയ മാർഗ്ഗങ്ങളുണ്ട്. അവയിൽ ചിലവ ചുവടെ ചേർക്കുന്നു.

**a. പഞ്ചേന്ദ്രിയങ്ങളെ ഉണർത്തുക**

ഈ ഒരു മാർഗ്ഗത്തിൽ പഠിക്കേണ്ട കാര്യങ്ങൾ ചിത്രം, ശബ്ദം, അനുഭവം, മണം, രുചി എന്നിവയുമായി ബന്ധിപ്പിച്ച് അവരെ പഠിപ്പിക്കുന്നു എന്നതാണ്.

**b. അടിത്തറ ഉറപ്പിൽ പരിശീലനം**

ഈ മാർഗ്ഗത്തിലൂടെ ഉദ്ദേശിക്കുന്നത് കുട്ടികൾക്കു വഴങ്ങാത്ത കാര്യങ്ങളുടെ അടിത്തറ പഠിപ്പിച്ചു കൊടുക്കുക എന്നതാണ്. ഉദാ: എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് ഗണിതശാസ്ത്ര വൈദഗ്ധ്യമുണ്ടെങ്കിൽ അവൻ ചെറു ക്ലാസ്സുകളിൽ പഠിക്കേണ്ടിവരുന്ന ഗണിതശാസ്ത്രത്തിന്റെ അടിത്തറ ഇപ്പോൾ ഉണ്ടാക്കിക്കൊടുക്കണം.

**c. കൗൺസിലിംഗും തെറാപ്പികളും**

പഠനവൈകല്യമുള്ള കുട്ടികളിൽ പഠനം സുഗമമാകാത്തതിന്റെ പേരിൽ പിരിമുറുക്കം അനുഭവപ്പെടാം. ഇതു നിലവിലുള്ള പ്രശ്നങ്ങൾ വർദ്ധിക്കാൻ കാരണമാകും. പഠനവൈകല്യവുമായി ബന്ധപ്പെട്ട് ഉടലെടുത്തിരിക്കുന്ന മറ്റു പ്രശ്നങ്ങളെ പരിഹരിക്കാൻ കൗൺസിലിംഗിലൂടെ സാധിക്കും. ഒപ്പം, പഠനവൈകല്യമുള്ള കുട്ടിയുടെ മാതാപിതാക്കൾക്കുള്ള ബോധവത്കരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്ന ചുമതലകൂടി കൗൺസിലർ ഏറ്റെടുക്കാറുണ്ട്.

മേൽ സൂചിപ്പിച്ചവയ്ക്കൊപ്പം താഴെപ്പറയുന്ന ഘടകങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.

**a.** മാതാപിതാക്കളും ടീച്ചേഴ്സും ഒത്തൊരുമിച്ചുള്ള പ്രവർത്തനം

**b.** ഇത്തരം കുട്ടികളെ മനസ്സിലാക്കാൻ ടീച്ചേഴ്സിനെ ഒരുക്കുകയും അവരെ പരിശീലിപ്പിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

ചുരുക്കത്തിൽ പഠനവൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും കുട്ടിയുമായി ബന്ധപ്പെടുന്ന ഏവരുടെയും വലിയ സഹകരണം ആവശ്യമാണ്. ഇവിടെ ഓർക്കേണ്ട കാര്യം, പഠന വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ ധൈര്യം കൈവെടിയരുത് എന്നതാണ്. ഇതു സർവ്വസാധാരണമായ ഒരു പ്രശ്നമാകയാൽ അനാവശ്യമായ ആധിയുടെ ആവശ്യമില്ല. പഠനവൈകല്യങ്ങളെ സാധാരണ പ്രശ്നമായിക്കണ്ട് ലോകത്തിലെ വിജയികൾക്കൊക്കെ ഇത്തരത്തിലുള്ളതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ പ്രശ്നങ്ങൾ കുട്ടിക്കാലത്തുണ്ടായിരുന്നു എന്നു മനസ്സിലാക്കി മുമ്പോട്ടു പോവുക. നിങ്ങളുടെ കുട്ടിക്കും വിജയം ഉറപ്പാണ്. ●

## ക്നാനായ വനിതാസമാജം സംയുക്തവാർഷിക സമ്മേളനം



ക്നാനായ വനിതാസമാജം സംയുക്തവാർഷിക സമ്മേളനം വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായപള്ളിയിൽ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവറിയോസ് ഉദ്ഘാടനം ചെയ്യുന്നു.




കോട്ടയം വലിയ പള്ളിയിൽ പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുന്നാൾ അനുസ്മരണ സമ്മേളനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ. ഉദ്ഘാടനം ചെയ്യുന്നു.



പുനർ നിർമ്മിച്ച ഇട്ടിയപ്പാറ സെന്റ് മേരീസ് കുരിശുപള്ളിയുടെ കൂദാശ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് നിർവ്വഹിച്ചു

# വിവാഹിതരായി



*സെന്റ് ജോൺസ് ദയറാപ്പള്ളി ഇടവകയിൽ കുളങ്ങര* Mr. K.U. Thomas-*ന്റെയും* Beena Thomas-*ന്റെയും മകൻ* ***Jestin Thomas*** *ഉം സെന്റ് ജോൺസ് ദയറാപ്പള്ളിയിൽ മൂഴിപ്പാറയിൽ* Mr. M.U. Thankachan-*ന്റെയും* Ivy Thankachan-*ന്റെയും മകൾ* ***Naina Thankachan***-*നും തമ്മിലുള്ള വിവാഹം 26-05-2024-ൽ സെന്റ് ജോൺസ് ദയറാപള്ളിയിൽ* ***അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയുടെ*** *മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.*

Advt -G




Advt - O

## *Congratulations & Best Wishes*
## *Nathan*



***Nathan Mathew**, Tharayil Mulakkanchira, Son of Mr. Binu John Mathew and Mrs. Gimi Jose secured A+ and High Grade in 10th Grade from Faith Lutheran High School, Las Vegas, USA*

Advt - O

## *Seventy Birthday*

10 - 07 - 2024



## P.J. Thomas

(Rtd. Forest Officer)

**Padakassery House, Kolaknadam, Nilambur**

**ആശംസകളോടെ**

**ഭാര്യ:** സാലി തോമസ്

**മക്കൾ:** സന്തോഷ്, സതീഷ്, സബിത **മരുമക്കൾ:** അജു, അശ്വതി

**കൊച്ചുമക്കൾ:** എസ്തേർ, എസ്രാ, എലിശ്ബാ സന്തോഷ്

Advt - O



*52nd Wedding anniversary*
*11 June 2024*

*With love and prayers*
*Children and Grand children*

**യഹോവയ്ക്കു സ്തോത്രം ചെയ്വിൻ;**
**അവൻ നല്ലവനല്ലോ;**
**അവന്റെ ദയ എന്നേക്കുമുള്ളത്**

## T.C. Joseph and V.K. Kunjoonjamma,

**Puthenpurackal, Ranny**

Advt - O


St. Thomas Knanya Church, Edmonton, Canada
11547 93 St NW, Edmonton, AB T5G 1C6 | www.knanayachurchedmonton.com
Managing Committee 2024-26
President
T. P .Joy
Thompumannil (H)
Edakulam, Ranny
Vice-President
M.M.Cherian
Maliyil (H)
Mannar
Vicar
Rev. Fr. Mathew P. Joseph
Puthenparampil (H)
Ranny
Trustee
Jacob Thomas
Puthenpurayil (H)
Ranny
Secretary
Jestin Jose
Earthumannil (H)
Eraviperoor
Committee Members
Thomas Kuriakose
Parathodathil (H)
Ranny
Lijo Kuriakose
Kandathil (H)
Kottayam
Binu Abraham
Kochethu (H)
Aythala, Ranny
Juwel Mathew
Edayadil (H)
Ranny
Bincy Showmon
Edayadil (H)
Ranny
Association Members
Jojy Abraham
Edavazhikkal (H)
Kottayam
K. M. Thomas
Kunnuthara (H)
Kurichy
Advt - O



# വീണ്ടും ചില വിദ്യാഭ്യാസ വിശേഷങ്ങൾ!

സുനിൽ ഡി. കുരുവിള

ടീനേജ് കുട്ടികൾക്ക് ഇന്ന് എല്ലാം ലഭിക്കുന്നുണ്ട്. നല്ല ഭക്ഷണം, വസ്ത്രം, gadgets, school, tuition, travel..

ആകെയുള്ള ഒരു കുറവ് നല്ല guidance ആണ്. അത് ജീവിതകാര്യങ്ങളാണെങ്കിലും വിദ്യാഭ്യാസത്തെക്കുറിച്ചാണെങ്കിലും കരിയർ വിഷയങ്ങൾ ആണെങ്കിലും സദ്യ വിളമ്പി ചോറുമാത്രം ഇല്ല എന്ന അവസ്ഥ!

നല്ല guidance എത്ര തന്നെ അവരുടെ ജീവിതത്തിൽ ലഭിക്കുന്നുവോ അത്ര കണ്ടു അവർ ആത്മവിശ്വാസവും ലക്ഷ്യവും സന്തോഷവും ഉള്ളവരാകും. അവർ കൂടുതൽ തിരിച്ചറിവും സാധ്യതയും ഉള്ളവരാകും! മൂല്യങ്ങളും കാഴ്ചപ്പാടും വർദ്ധിക്കും!

Good Guidance is nation building!

ഓരോ കുട്ടിയേയും അവന്റെ കഴിവിന്റെ- നന്മയുടെ ഉയരങ്ങളിലേക്കുയർത്താം... ഓരോ അദ്ധ്യാപകനും അതിനായി ഉയർന്നു നിൽക്കേണ്ടതുണ്ട്; മാതാപിതാക്കളും! വിദ്യാർത്ഥിയിലേക്ക് യാത്ര ചെയ്യട്ടെ വിദ്യാഭ്യാസം!

കുട്ടികൾ ചെറിയ പ്രായത്തിൽ പഠിക്കാൻ കഴിയുന്നതെല്ലാം പഠിക്കുക. പ്രത്യേകിച്ച് നൈപുണ്യങ്ങൾ... നാളെ എന്തിനൊക്കെയാണ് വില ഉണ്ടാകുന്നത്? ആവശ്യം വരുന്നത് അറിയില്ല..

കമ്പ്യൂട്ടർ, മ്യൂസിക്, കുക്കിംഗ്, കൃഷി, പ്രസംഗം, ലാംഗ്വേജ്, കലകൾ, നീന്തൽ... എന്തും ആയിക്കൊട്ടെ..... നമ്മുടെ മൂല്യം കൂടുകയാണ്!

ഒരു ഹോബി വളർത്താം! ജീവിതം കൂടുതൽ ഭംഗിയുള്ളതും ആസ്വാദ്യകരവുമാകും!

പണ്ട് guidance ഉം counselling ഇല്ലായിരുന്നു. പക്ഷെ അന്ന് തിരുത്താനും ശാസിക്കാനും ക്രമീകരിക്കാനും ഒക്കെ വീട്ടിൽ പ്രായമുള്ളവർ ഉണ്ടായിരുന്നു.., ആത്മീയത ഉണ്ടായിരുന്നു! ദാരിദ്ര്യം- ഇല്ലായ്മ ഒക്കെ വലിയ സാമൂഹിക പ്രതിരോധമായിരുന്നു. ഇന്ന് പണമുണ്ട്. അനുസരണയില്ല.. കുട്ടികൾക്ക് കണ്ടു വളരാൻ നല്ല മാതൃകകളില്ല. ഗുരുവില്ല...എല്ലാം google ആണ്. ആരും ആരുടേയും ജീവിതത്തിൽ ഇടപെടാറില്ല. ഇടപെടുന്നത് ഇഷ്ടവുമല്ല! നന്നായി ചേർത്തുപിടിക്കപ്പെട്ട സമൂഹത്തിൽ തെറ്റുകൾ കുറവായിരിക്കും. വഴിതെറ്റുമ്പോൾ വഴി കാട്ടാൻ കൂടുതൽ സംവിധാനങ്ങൾ വേണം. Guidance അനിവാര്യമാകും! Guidance ലൂടെ ലഭിക്കുന്ന ഉൾക്കാഴ്ച ജീവിതത്തെ പുനർക്രമീകരിക്കാൻ സഹായിക്കും!

എന്തുകൊണ്ടാണ്

മികച്ച വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം (Career & Academic Guidance) ഈ കാലത്ത വളരെ പ്രാധാന്യമുള്ളതാകുന്നത്?

1. ഓരോ കുട്ടിയും unique ആണ്. അവരുടെ അഭിരുചി, താല്പര്യം, കഴിവുകൾ എല്ലാം ഉന്നത വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഗൗരവമായി പരിഗണിക്കേണ്ടത് സന്തോഷകരമായ ഭാവി ജീവിതത്തിനു അനിവാര്യമാണ്.

2. നൂറുകണക്കിന് കോഴ്സുകൾ institutions... വിദേശ രാജ്യത്തെ പഠന സാദ്ധ്യതകൾ.. എന്നിവ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ.

3. കുട്ടികളിലെ പഠന- നൈപുണ്യ തൊഴിൽ അധിഷ്ഠിത- നേതൃത്വ- മൂല്യ വികസനം ഉറപ്പാക്കുക. പഠനത്തിൽ കൂടുതൽ motivation നൽകാനും ലക്ഷ്യങ്ങളെ കുറേക്കൂടി sharpen ചെയ്യാനും സഹായിക്കുക.

4. വളരെ നേരത്തെ തന്നെ ബാഹ്യമായ സ്വാധീനത്തിൽപെട്ട് "cornered' ആകുന്ന കുട്ടികൾ പിന്നീട് regret ചെയ്യേണ്ടിവന്നിട്ടുണ്ട്. 15 വയസ്സിൽ സോഷ്യൽ സ്റ്റാറ്റസ് നോക്കി തീരുമാനിക്കുന്ന പ്രൊഫഷൻ 30 വയസ്സിൽ enjoy ചെയ്യണം എന്നില്ല.

5. കൂട്ടുകാരുടെ സമ്മർദ്ദവും മാതാപിതാക്കളുടെ അറിവും google നിന്ന് ലഭിക്കുന്ന information ഉം ആധികാരികമായിക്കൊള്ളണം എന്നില്ല.

6. ശക്തമായ മാർക്കറ്റിംഗ് തന്ത്രങ്ങളിലും പരസ്യങ്ങളിലും ഏജന്റുമാരുടെ ക്യാൻവാസ്സിംഗിലും വീണു പോകാതെ rational ആയി കാര്യങ്ങളെ മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കാൻ.

7. Career രംഗത്തും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ; പുതിയ കോഴ്സുകൾ തൊഴിൽ മേഖലകൾ industry expectaion ഒക്കെ കാലേക്കൂട്ടി update ചെയ്യാൻ.

8. സമഗ്രമായ ജീവിത സന്തോഷം, സംതൃപ്തി പ്രോത്സാഹിപ്പിക്കാൻ.

9. നല്ല ഗൈഡൻസ് തെറ്റുകളിൽ വീഴാതെ ഉയർന്ന ലക്ഷ്യബോധത്തിൽ നിൽക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു! They stand tall, stand strong and stand different.

10. കൂടുതൽ ധൈര്യവും വ്യക്തതയും ആത്മവിശ്വാസവുള്ള മാതാപിതാക്കളെ സൃഷ്ടിക്കുന്നു!

**കുട്ടികൾ കരിയർ തിരഞ്ഞെടുക്കുമ്പോൾ:**

വലിയ പരസ്യങ്ങളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുക.

കുട്ടികളുടെ അഭിരുചി, വ്യക്തിത്വം, കഴിവുകൾ, ആരോഗ്യം, മാനസികാവസ്ഥ എല്ലാം പരിഗണിച്ചു മാത്രം പഠനമേഖല തിരഞ്ഞെടുക്കുക.

* അല്പജ്ഞാനം അപകടം

* ശരിയായ കരിയർ ഗൈഡൻസ്- മാർഗ്ഗനിർദ്ദേശം ഭാവിയിലെ നഷ്ടങ്ങൾ ഒഴിവാക്കും.

* പണം കൊണ്ട് കരിയർ വാങ്ങാൻ കിട്ടില്ല.

* കഴിവുള്ളതുകൊണ്ടു മാത്രം വിജയിക്കണമെന്നില്ല.

* സ്കോപ്പിന്റെ പുറകിനു പോയി ചതിയിൽ വീഴാതിരിക്കുക. 'Foreign' എല്ലാം മികച്ചതല്ല.

* ഡിഗ്രി സർട്ടിഫിക്കറ്റിനു അല്ല അതിലൂടെ നേടുന്ന

വ്യക്തിത്വം കഴിവുകൾ അറിവുകൾ-ആണ് നമുക്ക് തൊഴിൽ നേടി തരുന്നത്.

* പഠിക്കാൻ താല്പര്യമുള്ളവർ മാത്രം ഉന്നതപഠനത്തിനു പോവുക. തൊഴിൽ പഠിക്കാം, കളിയും കലയും ആകാം. സാംസ്കാരിക രാഷ്ട്രീയ സാമൂഹിക ആത്മീയ പ്രവർത്തന മേഖലയിൽ ഒക്കെ അഭിരുചിയുണ്ടെങ്കിൽ ഇടമുണ്ട്. കൃഷിയും ബിസിനസും ഒക്കെയാകാം. സ്വയം തിരിച്ചറിയാം! തിരിച്ചറിവാണ് നല്ല വിദ്യാഭ്യാസം. തിരിച്ചറിവാണ് നല്ല ജീവിതത്തിന്റെ അടിസ്ഥാനം!

അവനവന്റെ കുട്ടികളെക്കുറിച്ച് മാതാപിതാക്കൾക്ക് യാഥാർത്ഥ്യബോധം Over expectation, താരതമ്യം ഗുണത്തിലേറെ ദോഷം ചെയ്യും.

കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് Career മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം... അതിലേക്കുള്ള വഴിയെന്ത്... എവിടെ പഠിക്കണം.. develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം... തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ Career അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. കച്ചവട താല്പര്യം മാത്രം മുൻനിർത്തി നടത്തുന്ന 'ഉപരിപഠന സെമിനാർ' exhibition ഒക്കെ വലിയ ചതിക്കുഴികളായേക്കാം. സൂക്ഷിക്കുക. 'വിദഗ്ദ്ധ' മാർഗ്ഗനിർദ്ദേശം എല്ലാം അത്ര വിദഗ്ദ്ധമല്ല. Good guidance is highly motivating and confidence boosting!

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തു നന്നായി ആസൂത്രണം ചെയ്യുന്നവർക്കേ മികച്ച നേട്ടം കൊയ്യാനാവുകയുള്ളൂ. കുട്ടിക്കാലത്തു തന്നെ നല്ല മനോഭാവവും അദ്ധ്വാനശീലവും അറിവും നൈപുണ്യവും വളർത്തിയെടുക്കുക. അച്ചടക്കം ആത്മവിശ്വാസം, ആശയവിനിമയ പാടവം എന്നിവ നിങ്ങളെ ബഹുദൂരം മുന്നിൽ എത്തിക്കും. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യവും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വിശ്വാസവും ഉയർന്ന career ആഗ്രഹിക്കുന്നവർ നേടിയെടുക്കണം.

+ 2 കഴിഞ്ഞ് ഏതെങ്കിലും ഒരു professional course നു ചേർന്നില്ലെങ്കിൽ ലോകം അവസാനിക്കും എന്ന് വിചാരിച്ചു ഏതെങ്കിലും ഒരു ഉടായിപ്പു കോഴ്സിന് കൊണ്ട് തലവച്ചു കൊടുക്കുന്ന ധാരാളം കുട്ടികളുണ്ട് നമ്മുടെ നാട്ടിൽ. അത്ര ഭീകരമാണല്ലോ പരസ്യവും ചാക്കിട്ടുപിടിത്തവും! ഒരിക്കൽപ്പോലും ഒരു നല്ല career guidance class പലരും പങ്കെടുത്തിട്ടു പോലുമില്ല. കുട്ടികളെ ചന്തയ്ക്കു എറിഞ്ഞു കൊടുക്കുന്ന സമൂഹം!

നിങ്ങളുടെ വീടിനു അടുത്തുള്ള ഒരു കോളേജിൽ പോയി ഒരു ബിരുദം എടുക്കുന്നത് ഒട്ടും മോശമായ കാര്യമല്ല. ഒരു ഡിഗ്രി പഠനകാലത്തു നിങ്ങൾ ആവശ്യമായ നല്ല നേതൃഗുണങ്ങളും അറിവും വ്യക്തിത്വ വികസനവും നൈപുണ്യവും ഒക്കെ നേടുകയാണെങ്കിൽ നിങ്ങൾക്ക് നല്ല ഒരു career നേടാനുള്ള അടിസ്ഥാനം ലഭിക്കും. ഇംഗ്ലീഷും, ഹിന്ദിയും ഒക്കെ സംസാരിക്കാനുള്ള ശേഷി ഈ കാലഘട്ടത്തിൽ നേടിയെടുക്കാൻ ശ്രമിക്കുക.

നല്ല വായന, extra curricular activities ഒക്കെ ഉപയോഗപ്പെടുത്തുക.. ധാരാളം തൊഴിൽ അധിഷ്ഠിത add on കോഴ്സുകൾ ഇന്ന് ഡിഗ്രിയോടൊപ്പം **നിങ്ങൾക്ക് Campus ൽ തന്നെ പഠിക്കാൻ സാധിക്കും. ചിലവും വളരെ കുറവ്. ഒരു നല്ല career ഗൈഡൻസ് ഈ കാര്യത്തിലൊക്കെ നിങ്ങളെ സഹായിക്കും.** നന്നായി ക്യാമ്പസ് ഉപയോഗിച്ചാൽ ഡിഗ്രിക്കായുള്ള മൂന്നോ നാലോ വർഷം ജീവിതത്തിലെ വലിയ നിക്ഷേപമായിരിക്കും. ഒരു സംശയവുമില്ല. മിന്നുന്നതെല്ലാം പൊന്നല്ല! നമ്മുടെ അദ്ധ്യാപകർക്കും കുട്ടികൾക്കും നല്ല നിലവാരമുള്ള ഗൈഡൻസ് ഉറപ്പാക്കാം!

വിദ്യാഭ്യാസത്തിലും കരിയറിലും ജീവിതത്തിലും അവർ കാലത്തിനു മുൻപേ നടക്കട്ടെ!

(Sunil D Kuruvilla പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ He can be contacted @ sunil_kuruvilla@rediffmail.com
Cell: +91 9847400712
Yutuber: Sunil Kuruvilla )

## മർത്തമറിയം വനിതാസമാജം സംയുക്ത വാർഷിക സമ്മേളനം

ക്നാനായ അതിഭദ്രാസനം മർത്തമറിയം വനിതാസമാജം സംയുക്ത വാർഷിക സമ്മേളനം 2024 ജൂൺ 28 വെള്ളിയാഴ്ച വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായപള്ളിയിൽ ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവറിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. പി.ജോൺ ഫിലിപ്പ് മുഖ്യപ്രഭാഷണം നിർവഹിച്ചു. ഫാ. നോബിൻ തോമസ്, ഫാ. പി.ഒ. ഏലിയാസ്, ഫാ. തോമസ് ജേക്കബ്, സെലിമ ജോസഫ്, ഓമന സാബു, ജെസ്സി ചാക്കോ, ആൻസി ബിജു എന്നിവർ പ്രസംഗിച്ചു. വി.വേദപുസ്തകം കയ്യെഴുത്ത് പ്രതി തയ്യാറാക്കിയ ജോജി ജോയിക്ക് സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവറിയോസ് മെമന്റോ നൽകി.

## ദീപാങ്കുരം 2024 മത്സര വിജയികൾ

**വാട്ടർകളറിംഗ്**

1st നവോമി നെബു
സെന്റ് മേരീസ് ക്നാനായപള്ളി, തിരുവൻവണ്ടൂർ
11nd എറിക് ജേക്കബ് ബിബിൻ
സെന്റ് മേരീസ് ക്നാനായപള്ളി, വെള്ളുത്തുരുത്തി
111rd കാതറിൻ ജെ. ഏബ്രഹാം
സെന്റ് തോമസ് വലിയപള്ളി, റാന്നി

**പെൻസിൽ ചിത്രരചന**

1st അബീഗയിൽ അജിത്ത്
സെന്റ് മേരീസ് ക്നാനായപള്ളി, കറ്റോട്
11nd ആഷ്ലിൻ ജെ. ഏബ്രഹാം
സെന്റ് തോമസ് വലിയപള്ളി, റാന്നി
111rd നയനാ എൽസാ റെജി
സെന്റ് മേരീസ് ക്നാനായപള്ളി, ഇരവിപേരൂർ

സമ്മാനാർഹർക്ക് സമ്മാനം നൽകുന്ന തീയതികൾ പുറകാലെ അറിയിക്കുന്നതാണ്

**ഫാ. ജേക്കബ് കല്ലുകുളം**
മാനേജിംഗ് എഡിറ്റർ

# വി. യോഹന്നാൻ ശ്ലീഹാ - സ്നേഹത്തിന്റെ അപ്പോസ്തോലൻ

കെ. സൂസി മാത്യു കിഴക്കേഞ്ഞാക്കൽ, തിരുവനന്തപുരം

സ്നേഹത്തിന്റെ അപ്പോസ്തോലൻ എന്നറിയപ്പെടുന്ന വി.യോഹന്നാൻ ശ്ലീഹാ എളിമയുടെയും വിനയത്തിന്റെയും പ്രതീകമായിരുന്നു. ബദ്സയ്ദാ നഗരത്തിലാണ് ശ്ലീഹാ ജനിച്ചത്. സെബദിയുടെ മക്കളായ യാക്കോബും യോഹന്നാനും ഇടിമക്കൾ Sons of Thunder എന്നറിയപ്പെടുന്നു. ഈ യോഹന്നാനാണ് വി.യോഹന്നാൻ ശ്ലീഹ. ഇവർ മീൻപിടുത്തക്കാരായിരുന്നു. ശലോമിയായിരുന്നു ശ്ലീഹായുടെ അമ്മ. കർത്താവ് ഗലീല കടപ്പുറത്ത് നടക്കുമ്പോൾ യാക്കോബും യോഹന്നാനും തങ്ങളുടെ അപ്പനായ സെബദിയോടുകൂടെ പടകിൽ ഇരുന്ന് വല നന്നാക്കുന്നതു കണ്ട് അവരെ വിളിച്ചു. അവർ ഉടനെ തന്നെ അപ്പനേയും പടകിനേയും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചു എന്ന് മത്തായി 4:21-22 ൽ നാം കാണുന്നു. കർത്താവ് ഇവരെ വിളിക്കുന്നതുവരെ ഇവർ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു. യോഹന്നാൻ ശ്ലീഹാ അവിവാഹിതനായിരുന്നു. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം Yah is gracious ദൈവം കാരുണ്യവാൻ, ദയാപരൻ എന്നാണ്. കർത്താവിന്റെ 12 ശിഷ്യന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു യോഹന്നാൻ ശ്ലീഹാ. കേവലം 23 വയസ്സുള്ളപ്പോൾ കർത്താവിന്റെ ശിഷ്യനായി. യേശു ഏറ്റവും കൂടുതൽ സ്നേഹിച്ച യേശുവിന്റെ ഏറ്റവും പ്രിയപ്പെട്ട മൂന്നു ശിഷ്യന്മാരിൽ ഒരാളായിരുന്നു ശ്ലീഹ. കർത്താവിന്റെ ന്യായവിസ്താരവേളയിലും അന്ത്യസമയത്തും ശ്ലീഹാ കൂടെ ഉണ്ടായിരുന്നു. യോഹന്നാൻ ശ്ലീഹായാണ് അന്ത്യ അത്താഴസമയത്ത് കർത്താവിന്റെ നെഞ്ചിൽ ചാരിക്കിടന്നുകൊണ്ട് കർത്താവെ നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് ആരാണെന്ന് ചോദിച്ചത് (യോഹ.13-23). യേശു കുരിശിൽ കിടന്നുകൊണ്ട് യോഹന്നാൻ ശ്ലീഹായെയാണ് തന്റെ മാതാവിനെ ഏൽപ്പിക്കുന്നത്. കാരണം കർത്താവിന്റെ ശിഷ്യന്മാരിൽ യോഹന്നാൻ ശ്ലീഹാ മാത്രമാണ് കുരിശിനരികെ ഉണ്ടായിരുന്നത്. വലിയ പുരുഷാരം വാളും വടിയുമായി യേശുവിനെ പിടിക്കാൻ വന്നപ്പോൾ ശിഷ്യന്മാർ എല്ലാവരും പേടിച്ച് അവനെ വിട്ട് ഓടിപ്പോയി എന്ന് മത്തായി 26:56 ലും മർ.14:50 ലും നമുക്ക് കാണാം. യേശുവിന്റെ പീഡാസഹനവേളയിൽ രോഷാകുലരും കോപാന്ധരുമായ യഹൂദന്മാരുടെ നടുവിൽ ശ്ലീഹാ സ്നേഹത്തോടും വളരെ ധൈര്യത്തോടും കൂടി യേശുവിന്റെ കൂടെ നിന്നു. ഇത് പ്രധാനമായും ശ്ലീഹായുടെ സ്നേഹത്തെ കാണിക്കുന്നു.

വി.യോഹന്നാന്റെ സുവിശേഷത്തെ ജീവന്റെ സുവിശേഷം, പ്രകാശത്തിന്റെ സുവിശേഷം, അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും സുവിശേഷം, സമൃദ്ധിയുടെ സുവിശേഷം എന്നിങ്ങനെ നമുക്ക് വിശേഷിപ്പിക്കാം. കാരണം യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക വഴി അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നതിനും വേണ്ടി ആണ് എന്ന് യോഹ.20:31 ലും,1 യോഹ. 2:3 ലും പറയുന്നു. 4-ാം അദ്ധ്യായത്തിൽ കർത്താവ് സുഖാർ എന്ന ശമര്യ പട്ടണത്തിൽ ചെന്നപ്പോൾ വഴി നടന്ന് ക്ഷീണിച്ച് ശമര്യസ്ത്രീയോട് കുടിക്കാൻ വെള്ളം ചോദിക്കയും യേശു അവളുടെ ചരിത്രം മുഴുവൻ പറയുകയും താൻ മിശിഹാ ആണെന്ന് അവളെ അറിയിക്കയും ചെയ്തപ്പോൾ അവൾ വെള്ളം കോരുവാൻ കൊണ്ടുവന്ന പാത്രം അവിടെ വച്ചിട്ട് പട്ടണത്തിൽ ചെന്ന് ജനങ്ങളോട് ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുക, അവൻ പക്ഷേ ക്രിസ്തു ആയിരിക്കും എന്ന് പറഞ്ഞു. അപ്പോൾ അവർ പട്ടണത്തിൽ നിന്നും പുറപ്പെട്ട് അവന്റെ അടുക്കൽ വന്ന്, ശമര്യസ്ത്രീയുടെ സാക്ഷ്യം നിമിത്തം പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. അവന്റെ വചനം കേട്ട് അനേകർ അവനിൽ വിശ്വസിച്ചതായി 4:41 ലും, 8:30 ലും നാം കാണുന്നു.

യേശു ലോകത്തിന്റെ പ്രകാശം അഥവാ വെളിച്ചം ആകുന്നു എന്ന് ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ 8:12 ലും, 1 യോഹ.1:5 ലും ഉദ്ഘോഷിക്കുന്നു. ശ്ലീഹായുടെ സുവിശേഷത്തിൽ അനേകം അത്ഭുതങ്ങളും അടയാളങ്ങളും നാം കാണുന്നു. 2-ാം അദ്ധ്യായത്തിൽ ഗലീലയിലെ കാനാവിൽ യേശുവും ശിഷ്യന്മാരും പങ്കെടുത്ത കല്യാണത്തിന് വെള്ളത്തെ വീഞ്ഞാക്കിയ അത്ഭുതം തന്റെ മഹത്വം വെളിപ്പെടുത്തേണ്ടതിന് അടയാളങ്ങളുടെ ആരംഭമായ താൻ ചെയ്കയും അതുമൂലം അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്തു. നാനാവ്യാധിക്കാരെ സൗഖ്യമാക്കുകയും 11-ാം അദ്ധ്യായത്തിൽ ലാസറിനെ ഉയർപ്പിക്കുകയും ചെയ്യുന്നതായി നമുക്ക് കാണാം. ഈ അത്ഭുതം കണ്ട് പല യഹൂദന്മാരും കർത്താവിൽ വിശ്വസിച്ചു (11:45). കർത്താവ് ചെയ്ത പല സുപ്രധാന അത്ഭുതപ്രവൃത്തികൾക്കും സംഭവങ്ങൾക്കും യോഹന്നാൻ ശ്ലീഹാ സാക്ഷിയായിരുന്നു. യായിറോസിന്റെ മകളെ ഉയിർപ്പിക്കുമ്പോഴും മർ.5:37, ലൂക്കോസ് 8:51, കർത്താവിന്റെ രൂപാന്തരീകരണം നടക്കുമ്പോഴും മത്തായി 17:1, മർ.9:2, ലൂക്കോ. 9:28, ഗത്ശേമന തോട്ടത്തിലും മത്തായി 26:37, മർ.13:33 ശ്ലീഹാ കർത്താവിനോടൊപ്പം ഉണ്ടായിരുന്നു. കൂടാതെ പെസഹാപ്പെരുന്നാൾ ആയപ്പോൾ കർത്താവ് നമുക്ക് പെസഹ കഴിപ്പാൻ ഒരുക്കുവീൻ എന്ന് പറഞ്ഞ് യോഹന്നാനേയും പത്രോസിനെയും അയക്കുന്നു (ലൂക്കോ.22:7-8).

വി.യോഹന്നാൻ ശ്ലീഹാ ശിഷ്യനായപ്പോൾ മുതൽ തന്റെ പേര് ഒരിടത്തും പറയുന്നില്ല. 20-ാം അദ്ധ്യായത്തിൽ കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പറയുവാൻ മഗ്ദലനക്കാരത്തി മറിയം ഓടി പത്രോസിന്റേയും യേശുവിന്റെ പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്ന് കല്ലറയിൽ യേശുവിന്റെ ശരീരം കാണുന്നില്ല എന്ന് അറിയിച്ച ഉടനെ പത്രോസും മറ്റേ ശിഷ്യനും ഒരുമിച്ച് ഓടി കല്ലറയ്ക്കൽ ചെന്നു. എന്നാൽ മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗത്തിൽ ഓടി ആദ്യം കല്ലറയ്ക്കൽ എത്തി

കുനിഞ്ഞു നോക്കി കർത്താവിന്റെ ശീലകൾ കിടക്കുന്നതു കണ്ടു. എങ്കിലും കല്ലറയിൽ പ്രവേശിച്ചില്ല. പുറകെ വന്ന പത്രോസ് കല്ലറയിൽ പ്രവേശിച്ച് കർത്താവിന്റെ ശീലകൾ കല്ലറയിൽ കിടക്കുന്നതും റുമാൽ വേറിട്ട് ഒരിടത്ത് ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു. അതിനുശേഷം ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു കടന്ന് കണ്ടു വിശ്വസിച്ചു. മറ്റേ ശിഷ്യൻ ആദ്യം കല്ലറയ്ക്കൽ എത്തിയെങ്കിലും പത്രോസിന്റെ സ്ഥാനത്തേയും അധികാരത്തേയും മാനിച്ച് പത്രോസിനെ ആദ്യം കല്ലറയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നു. അതിനുശേഷമാണ് മറ്റേ ശിഷ്യൻ കല്ലറയിൽ പ്രവേശിക്കുന്നതും കണ്ടു വിശ്വസിക്കുന്നതും, ഇത് ശ്ലീഹായുടെ എളിമയേയും വിനയത്തേയും കാണിക്കുന്നു. ഇവിടെ ഒന്നും യോഹന്നാൻ തന്റെ പേരു പറയുന്നില്ല. മറ്റേ ശിഷ്യൻ എന്നാണ് പറയുന്നത്. 18: 15 ൽ ശീമോൻ പത്രോസും, മറ്റൊരു ശിഷ്യനും യേശുവിന്റെ പിന്നാലെ ചെന്നു എന്നാണ് പറയുന്നത്. ആ ശിഷ്യൻ മഹാപുരോഹിതനു പരിചയം ഉള്ളവനാകയാൽ യേശുവിനോടു കൂടെ നടുമുറ്റത്ത് കടന്നു. പത്രോസ് വാതിൽക്കൽ പുറത്തു നിൽക്കുമ്പോൾ, മഹാപുരോഹിതനു പരിചയം ഉള്ള മറ്റേ ശിഷ്യൻ പുറത്തുവന്ന് വാതിൽ കാവൽക്കാരത്തിയോട് പറഞ്ഞ് പത്രോസിനെ അകത്തും കയറ്റി. ഇവിടെയും തന്റെ പേരു പറയാതെ മറ്റൊരു ശിഷ്യൻ എന്നാണ് പറയുന്നത്. ഒരിക്കലും സ്വയം പേരു വെളിപ്പെടുത്തി എടുത്തു കാണിക്കുന്നില്ല എന്നുള്ള ഒരു സവിശേഷത നാം ഇവിടെ കാണുന്നു.

ക്രിസ്തുവിനെ പ്രഘോഷിച്ചതിന്റെ പേരിൽ ഡോമീഷ്യൻ ചക്രവർത്തി ശ്ലീഹായെ റോമിൽ വരുത്തി കോളോസ്സിയത്തിൽ കൊണ്ടുവന്ന് തിളച്ച എണ്ണയിൽ എറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ യാതൊരു പരുക്കും കൂടാതെ ശ്ലീഹാ രക്ഷപെട്ടു. അതു കണ്ടുനിന്ന കൊളേസ്സിയത്തിലെ ആൾക്കാർ മുഴുവനും യേശുക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്ത്യാനികളായി. പിന്നീട് ശ്ലീഹായെ ഗ്രീസിലെ പത്മോസ് ദ്വീപിലേയ്ക്ക് നാടുകടത്തി. അവിടെവച്ച് ദൈവത്തിന്റെ വെളിപാട് ഉണ്ടാകുകയും വെളിപാട് പുസ്തകം എഴുതുകയും ചെയ്തു.

കർത്താവിന്റെ ദൈവസ്വഭാവം മറ്റേതു സുവിശേഷത്തേക്കാൾ കൂടുതൽ വ്യക്തമാക്കുന്നതാണ് യോഹന്നാന്റെ സുവിശേഷം. കൂടാതെ സമൃദ്ധിയുടെ സുവിശേഷം എന്നും ഈ സുവിശേഷത്തെ വിശേഷിപ്പിക്കുന്നുണ്ട്. 2-ാം അദ്ധ്യായത്തിൽ വീഞ്ഞിന്റെ സമൃദ്ധിയേയും 6-ാം അദ്ധ്യായത്തിൽ അപ്പത്തിന്റെ സമൃദ്ധിയെയും 21-ാം അദ്ധ്യായത്തിൽ മീനിന്റെ സമൃദ്ധിയേയും (153 വലിയ മീൻ) നാം കാണുന്നു.

വി.യോഹന്നാൻ ശ്ലീഹാ വളരെ പരിമിതമായിട്ടാണ് തന്നെക്കുറിച്ച് സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ഏറ്റവും ഒടുവിൽ തന്റെ സുവിശേഷം അവസാനിപ്പിക്കുമ്പോഴാണ് താൻ ആണ് ഈ സുവിശേഷം എഴുതിയവനും ഇതിനെക്കുറിച്ച് സാക്ഷ്യം പറയുന്നവനും എന്ന് വെളിപ്പെടുന്നത്. യേശുവിന്റെ മറ്റു ശിഷ്യന്മാർ എല്ലാവരും പലവിധത്തിൽ കൊല്ലപ്പെടുകയായിരുന്നു. എന്നാൽ വി.യോഹന്നാൻ ശ്ലീഹാമാത്രം 90-ാം വയസ്സിൽ എ. ഡി. 94 ൽ എഫേസോസിൽ വച്ച് സ്വാഭാവിക മരണം പ്രാപിച്ചു. പേരും പെരുമയും ആഗ്രഹിക്കാതെ സ്നേഹത്തോടും വിനയത്തോടും എളിമയോടും കൂടി കർത്താവിന്റെ ഏറ്റവും പ്രിയപ്പെട്ട മൂന്നു ശിഷ്യന്മാരിൽ ഒരാളായി ജീവിച്ച ശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# കോട്ടയം വലിയപള്ളിയിൽ ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 97-ാമത് ശ്രാദ്ധപെരുന്നാൾ

## ജൂൺ 9, 10, 11 തീയതികളിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു

കോട്ടയം: മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ ഗീവർഗ്ഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ 97-ാം ശ്രാദ്ധപ്പെരുന്നാൾ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ ജൂൺ 9, 10, 11 (ഞായർ, തിങ്കൾ, ചൊവ്വ) തിയതികളിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

ഇതോടനുബന്ധിച്ച് മോർ സേവേറിയോസ് അനുസ്മരണവും മോർ സേവേറിയോസ് എഡ്യുക്കേഷൻ ഫണ്ടിന്റെ 100-ാമത് വാർഷികാഘോഷവും 2024ൽ X, XII ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും ചെയ്തു.

ജൂൺ 9 ഞായർ വൈകുന്നേരം 4 മണിക്ക് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. നിയുക്ത എം.പി. ഫ്രാൻസിസ് ജോർജ്ജ് മുഖ്യാതിഥി ആയിരുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. അലക്സാണ്ടർ ജേക്കബ് ഐപിഎസ് മുഖ്യപ്രഭാഷണം നടത്തി. ഇന്നത്തെ തലമുറ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണമെന്ന് അധ്യക്ഷപ്രസംഗം നടത്തിയ കുറിയാക്കോസ് മാർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത പറഞ്ഞു. സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, മോർ സേവേറിയോസ് വിദ്യാഭ്യാസ നിധി എക്സിക്യൂട്ടീവ് ട്രസ്റ്റിമാരായ ഫാ. കെ കെ ഏബ്രഹാം കുറ്റിയിൽ, തമ്പാൻ തോമസ് കോളഭാഗം, വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, സെൻറ് ജോർജ്ജ് കുരിശുപള്ളി പ്രീസ്റ്റ് ഇൻ ചാർജ്ജ് ഫാ. ബിബിൻ ബേബി തിരുനിലം, മുനിസിപ്പൽ ക്ഷേമകാര്യ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷേബ മാർക്കോസ്, ട്രസ്റ്റി എം. കെ. തോമസ് മള്ളൂശ്ശേരിൽ, സെക്രട്ടറി മനീഷ് ജോയി ഒഴുക്കുത്ര, ജനറൽ കൺവീനർ ജേക്കബ് പണിക്കർ, സുനിൽ ഏബ്രഹാം കല്ലുവെട്ടാംകുഴിയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് 10-ാം ക്ലാസ്സിൽ A+ നേടിയവരും +2 വിൽ ഉന്നത വിജയം നേടിയവരുമായ വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. ഇടവഴിക്കൽ ഏബ്രഹാം ലൂക്കോസിൽ നിന്ന് സമുദായമെത്രാപ്പോലീത്ത ചാരിറ്റിഫണ്ട് സ്വീകരിച്ചു.

# ARE WE THE DESCENDANTS OF ABRAHAM?

**Philip Abraham Malecheril**

Every human being, regardless of their background, take pride in their lineage and seldom misses a chance to boast about it. Each lineage is touted as superior, primarily due to the values, traditions, and virtuous acts passed down by their ancestors, creating a distinct identity. While being associated with a respectable lineage is something to take pride in, it comes with a significant responsibility that shouldn't be overlooked. This responsibility has the power to either foster humility and wisdom or breed arrogance and folly among individuals.

As Christians, our pride in our lineage stems from tracing it back to the Patriarch Abraham. The inspiring journey of Abraham's life serves as a heartening catalyst for the Christian faith. Navigating through challenging life circumstances, Abraham maintained an unwavering faith in God, which earned him recognition for his righteousness. His devout reverence for God, absolute obedience, generous hospitality, selfless nature, and love for his brethren were among the distinguishing traits that pleased God and set Abraham apart. Through Abraham, God blessed and multiplied generations abundantly. The lineage of the descendants of Abraham stands as a remarkable source of pride and conversation for Christians.

In the gospel of John (John 6 & 8), Jesus addresses the crowd, discussing the true nature of those who are the descendants of Abraham. He emphasizes that it's not merely about physical lineage but about spiritual connection and belief. Jesus speaks of Himself as the bread of life, drawing attention to the deeper significance of faith and relationship with God rather than solely relying on ancestry. He challenges the crowd's perception, stating that while they reference Abraham, true descendants of Abraham are those who believe in God's message through Jesus. Jesus underscores the importance of faith in Him as the pathway to truly belonging to Abraham's lineage. He highlights the necessity of being taught by God and receiving His teachings to truly understand and belong to this spiritual lineage. Jesus redirects the focus from mere ancestry to the essence of faith and spiritual alignment. He invites individuals to embrace faith in Him as the defining factor of belonging to the lineage of Abraham.

As Jesus' enemies clung blindly to their ancestry, Jesus differentiated between the true and false children of Abraham. John the Baptist gave the same warning. Abraham's sons share his faith and obedience. The proud Jews who rejected Jesus and sought to kill Him did not represent Abraham's sons. Physical heritage alone was insufficient. God promised blessing to all nations through Abraham but these blessings hinged on faith in Christ. The pride and misplaced confidence of Jews in their ancestry and heritage blinded them to the freeing truth Jesus proclaimed. By rejecting Christ's teachings and not obeying His commandments, one cannot rightly claim Abraham as their father.

As we reflect on our identity as the Knanaya Community, claiming to be God's own people and descendants of Abraham, we must confront a profound question that echoes through the corridors of our history: Are we truly the heirs of Abraham's promise? Our words, actions, and thoughts must echo the nature of Christ if we are to validate this claim. Yet, the tumultuous issues plaguing our Church for decades raise doubts that echo louder than our proclamations. The polarization, mudslinging, and smear campaigns erode the very essence of our heritage. But our Lord's words resound with urgency: He is the true vine, and we are the branches. Only by abiding in Him can we bear the fruits of the Spirit and walk in the footsteps of our savior. It's time for introspection, repentance, and transformation. Let us align ourselves with the true vine, shedding the divisive ways of the world, and embracing the unity and love exemplified by Christ. Only then, with hearts purified and spirits aligned with God's will, can we proudly and emphatically declare: **"We are the true descendants of Abraham".**

# സൺഡേ സ്കൂൾ - എന്റെ കാഴ്ചപ്പാടിൽ

നയന ജോസഫ് ആറുപറ, വെളിയനാട്

ക്രിസ്ത്യാനികളായ ഓരോരുത്തരുടെയും ഉത്തരവാദിത്വം ആണ് ദൈവത്തെപ്പറ്റിയും അവന്റെ പഠിപ്പിക്കലിനെ പറ്റിയും അറിയുക എന്നത്. സ്കൂളിൽ ലഭിക്കുന്ന അറിവോടൊപ്പം ഓരോ കുട്ടിയും ദൈവത്തെപ്പറ്റി പൂർണ്ണമായി അറിവുള്ളവരായി വളരേണ്ടത് അനിവാര്യമായ കാര്യമാണ്. അപ്പോഴാണ് ഒരു നല്ല ക്രിസ്ത്യാനി ആയി വളരുവാൻ സാധിക്കുന്നത്. ഈ കാര്യങ്ങളൊക്കെ പൂർത്തീകരിക്കുവാൻ ആണ് സൺഡേസ്കൂൾ പ്രസ്ഥാനം നിലവിൽ വരുത്തിയത്. എന്നാൽ ഇത് കേവലം പഠനവും, മികച്ച മാർക്കും നേടുന്നതിനുവേണ്ടിയാണ് എന്നും പലരും തെറ്റിദ്ധരിച്ചിരിക്കുകയാണ്. തികച്ചും അത് തെറ്റാണ് എന്ന് പറയാൻ സാധിക്കും. പഠിക്കുന്ന ഓരോ അദ്ധ്യായത്തിലും ഗുണപാഠങ്ങളുണ്ട്. അത് മനഃപാഠമാക്കുകയല്ലാതെ മനസ്സിലാക്കി ജീവിതത്തിൽ വിനിയോഗിക്കുകയാണ് വേണ്ടത്. കേവലം മതപഠനത്തിനും, മാർക്കിനും വേണ്ടി മാത്രമല്ല, കളിയും ചിരിയും group activities ഒക്കെയായി കുട്ടികളിൽ ദൈവാനുഭവം നിറക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

യേശു ഒരിക്കലും തന്നെപ്പറ്റി പഠിച്ച്, താൻ പഠിപ്പിച്ച കാര്യങ്ങൾ മനഃപാഠമാക്കി റാങ്ക് വാങ്ങിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. അവിടുന്ന് പഠിപ്പിച്ച പാഠങ്ങൾ മനസ്സിലാക്കി അവിടുത്തെ പാതയിൽ നടക്കുകയാണ് അവിടുത്തെ ഉദ്ദേശം. ചെറിയ പ്രായത്തിൽ ആണ് വിലയേറിയ പല കാര്യങ്ങളും പഠിക്കുന്നത്. ചെറുപ്പത്തിലെ പഠിച്ച കാര്യങ്ങൾ വലുതായാലും ഒരു പരിധി വരെ ആരും മറക്കുകയില്ല. അതുകൊണ്ടുതന്നെ ദൈവത്തെപ്പറ്റിയും അവന്റെ പഠിപ്പിക്കലിനെപ്പറ്റിയും അറിയാൻ കഴിയുന്ന ഏറ്റവും നല്ല സമയം ഈ സൺഡേസ്കൂൾ കാലഘട്ടം തന്നെയാണ്.

എന്നാൽ കുട്ടികൾ ദൈവത്തെ അറിയട്ടെ എന്ന് ലക്ഷ്യം വച്ചിട്ടല്ല ഇന്ന് ഈ പ്രസ്ഥാനം നടത്തി വരുന്നത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. വെറും ഒരു ചുമതല മാത്രമായിട്ടാണ് ഭാരവാഹികൾ ഇതിനെ കാണുന്നത്. ശരിയായ പഠിപ്പിക്കലിലൂടെ കുട്ടികളിൽ ഒരുപാട് മാറ്റം വരുത്താൻ സാധിക്കും എന്ന് പലരും മനസ്സിലാക്കിയിട്ടില്ല.

ഒന്നാമത്തെ കാര്യം ആയിട്ട് എനിക്ക് തോന്നിയിട്ടുള്ളത് പഠിപ്പിക്കുന്ന രീതിയിൽ ഉള്ള വീഴ്ച തന്നെയാണ്. പാഠഭാഗം കുട്ടിക്ക് മുൻപിൽ വായിക്കുന്നു അല്ലെങ്കിൽ കുട്ടിയെകൊണ്ട് വായിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നതിൽ കൂടി അത് ശ്രവിക്കുന്നു എന്നല്ലാതെ മാറ്റങ്ങൾ ഒന്നും ഉണ്ടാവില്ല. ഓരോ വരികളിലൂടെ ആഴമായി കടന്ന് ചെന്ന് കുട്ടിയുടെ ബുദ്ധിയിൽ അല്ലാതെ മനസ്സിൽ പതിക്കത്തക്കവിധം ആണ് പഠിപ്പിക്കേണ്ടത്. എന്റെ 10 വർഷത്തെ സൺഡേസ്കൂൾ പഠനത്തിൽ നിന്ന് ചുരുക്കം ചിലരിൽ മാത്രമേ ഈ ഒരു പഠിപ്പിക്കുന്ന രീതി ഉള്ളതായി എനിക്ക് തോന്നിയിട്ടുള്ളൂ. എല്ലാവരും ഈ കാര്യം മനസ്സിലാക്കി പഠിപ്പിക്കേണ്ടത് അനിവാര്യമായിട്ട് തോന്നുന്നു. ഈ ഒരു വീഴ്ച കാരണം ആണ് ഒരു ഞായറാഴ്ച പഠിപ്പിച്ചത് എന്തായിരുന്നു എന്നത് അടുത്ത ആഴ്ച ചോദിക്കുമ്പോൾ കുട്ടിക്ക് പറയാൻ കഴിയാത്തത്. കാരണം ശ്രവണം മാത്രമേ നടന്നിട്ടുള്ളൂ, മനസ്സിൽ പതിഞ്ഞിട്ടുണ്ടാവില്ല.

ഓരോ ക്ലാസ്സിലും ഓരോ അദ്ധ്യാപകർ ആണെല്ലോ നിലവിൽ. കുറഞ്ഞത് 5 വർഷമെങ്കിൽ ഒരേ അദ്ധ്യാപിക തന്നെ പഠിപ്പിക്കുകയാണെങ്കിൽ കുട്ടിയെ കൂടുതൽ മനസ്സിലാക്കി അവരുടെ കഴിവ് തിരിച്ചറിഞ്ഞ് ആ രീതിയിൽ അവരെ പഠിപ്പിക്കുവാൻ കഴിഞ്ഞേക്കും. അതിലൂടെ കുട്ടിക്ക് കൃത്യമായ അറിവ് വേണ്ടതരത്തിൽ ലഭിച്ചേക്കും. അത് മാത്രമല്ല അദ്ധ്യാപികയും കുട്ടിയും ആയി നല്ല ഒരു ബന്ധവും അതിലൂടെ ഉണ്ടാക്കാൻ സാധിക്കും. കുട്ടികൾ പൊതുവെ മടി ഉള്ളവർ ആണ് അതുകൊണ്ട് സ്കൂളിലും സൺഡേസ്കൂളിലും വരാൻ മടികാണിക്കുന്നത് സ്വാഭാവികമായ കാര്യമാണ്. അതിന് അവരെ കുറ്റം പറയാൻ കഴിയില്ല. മാതാപിതാക്കളുടെ മാത്രം വീഴ്ചകൊണ്ടാണ് കുട്ടി സൺഡേസ്കൂളിൽ ഇരിക്കാത്തത് എന്ന് കുറ്റപ്പെടുത്തുന്നത് ശരിയായ കാര്യമായി തോന്നിയിട്ടില്ല. Interest തോന്നി കുട്ടി തനിയെ മടി തോന്നാതെ ഇരിക്കണം എങ്കിൽ അദ്ധ്യാപകർക്കും അതിൽ പങ്കുണ്ട്. കുട്ടിയെ encourage ചെയ്ത് മുൻപോട്ട് കൊണ്ടുവരേണ്ടതിൽ മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും തുല്യ പങ്കാണ് ഉള്ളത്. അത് മനസ്സിലാക്കാതെ കുട്ടിയെയും, മാതാപിതാക്കളെയും മാത്രം കുറ്റം പറയുന്നത് ശരിയായിട്ട് എനിക്ക് തോന്നിയിട്ടില്ല.

വേറെ ഒരു കാര്യം കണ്ടുവരുന്നത് പല ക്ലാസ്സും അടുത്ത് അടുത്തിരുന്ന് പഠിക്കുന്നത്. Concenteration level കുറയുകയും ശ്രദ്ധിക്കാൻ പറ്റാതെയും വരുന്ന പ്രശ്നമായിട്ട് മാറുന്നു. ഈ കാര്യം ശ്രദ്ധിക്കേണ്ടതായിട്ട് തോന്നിയിട്ടുണ്ട്.

നല്ല സൗഹൃദയങ്ങൾ എന്നും നല്ല ഓർമ്മ ആണ്. അതിപ്പോൾ കുട്ടികൾ തമ്മിലും അദ്ധ്യാപകർ തമ്മിലും വേണ്ടത് തന്നെയാണ്. എന്നാൽ ഇവിടെ പലർക്കും പലരുടെയും പേരുപോലും വ്യക്തമായിട്ട് അറിയാമോ എന്നതിൽ സംശയമാണ്. കുട്ടികൾ ഗ്രൂപ്പായിട്ട് ചെയ്യുന്ന activities ഒന്നുംതന്നെയില്ല. അതുകൊണ്ട് തന്നെ interactions കുറയുന്നു. ഇത് തന്നെയായിരിക്കണം friendly ആയിട്ടുള്ള hand develop ചെയ്യാൻ കഴിയാത്തത്.

കത്തോലിക്കാ സഭയിൽ കുട്ടികൾക്ക് വെക്കേഷൻ സമയത്ത് ഓരോ ഗ്രൂപ്പ് തിരിച്ച് പല പ്രവർത്തനങ്ങളും നടത്തുന്നത് 2,3 ആഴ്ച നീണ്ട് നിൽക്കുന്നതാണ്. അത് അതിലൂടെ കുട്ടികൾ പരസ്പരം ഓരോ കാര്യങ്ങൾ ചെയ്യുന്നു. eg. dance, skit, games ഇതൊക്കെ ഉള്ളപ്പോൾ പള്ളിയിലേയ്ക്ക് ഒക്കെ വരാൻ ഉള്ള താൽപര്യം കൂടുന്നു. അതുപോലെ എന്തെങ്കിലും നമ്മുടെ സഭയിലും കൊണ്ടുവന്നാൽ അത് വളരെ നല്ല ഒരു കാര്യം തന്നെയാണ്. കുട്ടികളുടെ Co-ordination skills മെച്ചപ്പെടുത്താൻ സാധിക്കും.

എന്റെ 10 വർഷത്തെ സൺഡേസ്ക്കൂൾ പഠനത്തിൽ നിന്ന് ഈ കാര്യങ്ങൾക്കാണ് മാറ്റങ്ങൾ വരേണ്ടതായി തോന്നിയിട്ടുള്ളത് പറഞ്ഞ കാര്യങ്ങൾ എല്ലാം എന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ മാത്രമാണ്. ചില കാര്യങ്ങളിലെങ്കിലും മാറ്റം കൊണ്ടുവരാൻ കഴിയുകയാണെങ്കിൽ തീർച്ചയായിട്ടും ഈ പ്രസ്ഥാനം മെച്ചപ്പെട്ടിരിക്കും. കുട്ടികൾ പള്ളിയിലേയ്ക്ക് വരുന്നില്ല എന്ന പരാതിയും കുറയും എന്നത് ഉറപ്പായിട്ടുള്ള കാര്യമാണ്. മാറ്റങ്ങൾ സംഭവിച്ച് പുരോഗമനത്തോടെ സൺഡേസ്ക്കൂൾ എന്ന പ്രസ്ഥാനം വിജയകരമായി ഉന്നതങ്ങളിലേക്കെത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഏവൻഗേലിയോൻ ദീപം



**മിഥിൻ മോനാച്ചൻ നെടിയകാലാ,**
**വിദ്യാർത്ഥി, എം. എസ്. ഒ. റ്റി സെമിനാരി**
**ഉദയഗിരി, മുളംതുരുത്തി**

**പെന്തിക്കോസ്തിക്കു ശേഷം 9 – ാം ഞായർ**
**2024 ജൂലൈ 21 (വി. ലൂക്കോസ് 14: 7 – 11)**

കർത്താവ് പരീശന്റെ വിരുന്ന് ഭവനത്തിൽ എത്തിച്ചേർന്നപ്പോൾ അവിടെ ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങൾ അന്വേഷിക്കുന്നത് കാണുവാൻ ഇടയായി. അവരോട് ക്രിസ്തു പറഞ്ഞ ഉപമയാണ് വി. ലൂക്കോസ് 14:7–11 വരെയുള്ള വേദഭാഗം.

ക്രിസ്തുവിന്റെ കാലഘട്ടത്തിൽ വിരുന്നുകളും ആഘോഷങ്ങളും ഒരു വ്യക്തിയുടെ സ്ഥാനത്തെയും ആദരത്തെയും പ്രതിഫലിപ്പിക്കുന്ന സന്ദർഭങ്ങൾ ആയിരുന്നു. ആയതിനാൽ മുഖ്യ സ്ഥാനത്തിനുവേണ്ടി വ്യഗ്രതപ്പെടുന്ന യഹൂദ സങ്കല്പങ്ങളെ തിരുത്തുന്നതിനാണ് ക്രിസ്തു ഈ സാഹചര്യം പ്രയോജനപ്പെടുത്തിയത്.

വിരുന്നിൽ പങ്കെടുക്കുമ്പോൾ മുഖ്യാസനത്തിൽ ഇരിക്കാതെ അവസാനത്തെ സ്ഥാനത്ത് ഇരുന്നാൽ ക്ഷണിച്ചവൻ വന്ന് "എന്റെ സ്നേഹിത നീ മുന്നോട്ടു കേറി ഇരിക്കുക" എന്ന് പറഞ്ഞാൽ മറ്റുള്ളവരുടെ മുൻപാകെ നിനക്ക് ബഹുമാനം ലഭിക്കും എന്നാണ് ഈ ഉപമയിൽ കൂടി ക്രിസ്തു പറയുന്നത്. സ്വയമേ വിനയപ്പെടുന്നവൻ ദൈവസന്നിധിയിൽ ഉയർത്തപ്പെടും. ''ആര് തന്നെത്തന്നെ ഉയർത്തുന്നുവോ അവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (ലൂക്കോസ് 14:11) എന്നാണ് ക്രിസ്തു പറഞ്ഞിട്ടുള്ളത്.

ചിലർ മറ്റുള്ളവരെ ബോധിപ്പിക്കുവാനും നേട്ടങ്ങളുണ്ടാക്കുവാനുമായി വിനയം അഭിനയിക്കുന്നു. മറ്റു ചിലർ ചിന്തിക്കുന്നത് വിനയം എന്നു പറഞ്ഞാൽ സ്വന്തം കഴിവുകളെയും നന്മകളെയും ഇടിച്ചു താഴ്ത്തി സ്വയം അവതരിപ്പിക്കുന്നതാണ് എന്നാണ്. ഉന്നതഭാവം നടിക്കുന്നവർ അഹന്തയുള്ളവരും മറ്റുള്ളവരെ കരുതലില്ലാത്തവരുമാണ്. അവനിലെ സ്വാർത്ഥതയാണ് അവനെ ഇപ്രകാരം അഹന്തിയുള്ളവർ ആക്കുന്നത്.

എന്താണ് യഥാർത്ഥ വിനയം എന്ന് നമുക്ക് പരിശോധിച്ചു നോക്കാം. വിനയമാണ് എല്ലാ സദ്ഗുണങ്ങളുടെയും അടിസ്ഥാനം എന്നാണ് സെന്റ് അപ്രേം തന്റെ ''Hymn on paradise'' എന്ന പുസ്തകത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്. താഴ്മ കൂടാതെയുള്ള നമ്മുടെ നല്ല പ്രവൃത്തികൾ 'വേരുകളില്ലാത്ത വൃക്ഷം" പോലെയാകുന്നു എന്നാണ് അദ്ദേഹം വിശദീകരിക്കുന്നത്. സെന്റ് അപ്രേമിന്റെ അഭിപ്രായത്തിൽ യഥാർത്ഥ വിനയം എന്നു പറയുന്നത് ദൈവത്തിലുള്ള നമ്മുടെ ആശ്രയത്വം തിരിച്ചറിയുന്നതും, നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നതും അവന്റെ കരുണ തേടുന്നതും ആകുന്നു.

വിനയത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ക്രിസ്തു. സുറിയാനി ദൈവശാസ്ത്രത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം, ജീവിതം, ത്യാഗപരമായ മരണം എന്നിവ വിനയത്തിന്റെ വലിയ ഉദാഹരണങ്ങളാണ് എന്ന് ഫിലിപ്പിയർ 2:6–8 ൽ വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ദൈവ സദൃശ്യനായിരിക്കെതന്നെ അവൻ തന്നെത്തന്നെ ശൂന്യമാക്കി **ദാസ സാദൃശ്യം** സ്വീകരിച്ചു. ക്രിസ്തുവിന്റെ ഈ വിനയഭാവമാണ് ഓരോ ക്രിസ്ത്യാനികളിലും ഉണ്ടായിരിക്കേണ്ടത്. ആയതിനാൽ സ്വയം ശൂന്യമാക്കുവാനും എളിമയുള്ള ജീവിതം നയിക്കുവാനും നാം കടപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ജീവിത മാതൃക പിന്തുടരുന്നതിലൂടെ നമുക്ക് വിനയം ഉള്ളവരായി തീരുവാൻ സാധിക്കട്ടെ.

**പെന്തിക്കോസ്തിക്കു ശേഷം 10 – ാം ഞായർ**
**2024 ജൂലൈ 28 (മത്തായി 18:1 – 14)**

വളരെ ഏറെ ആത്മീയ അർത്ഥതലങ്ങളെ പകർന്നു നൽകുവാൻ പര്യാപ്തമായ വേദഭാഗമാണിത്. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണെന്നുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന് നിങ്ങൾ തിരിഞ്ഞ് പൈതങ്ങളെപ്പോലെ ആയിത്തീരുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ നിങ്ങൾ കടക്കുകയില്ലെന്നുള്ള യേശുക്രിസ്തുവിന്റെ മറുപടിയോടെയാണ് ഈ വേദഭാഗം ആരംഭിക്കുന്നത്. അതുപോലെതന്നെ ഈ ബാലനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ ആരോ അവനായിരിക്കും സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്നും യേശുക്രിസ്തു കൂട്ടിച്ചേർക്കുന്നു.

പലപ്പോഴും ഈ വേദഭാഗം വായിച്ചു കടന്നുപോകുമ്പോൾ, യേശു പൈതങ്ങളെ കൂടുതലായി സ്നേഹിച്ചിരുന്നുവെന്ന് നമുക്ക് തോന്നിയേക്കാം. എല്ലാവരാലും ശിശുക്കൾ ആകർഷിക്കപ്പെടുന്നു സ്നേഹിക്കപ്പെടുന്നു. മുതിർന്നവരെ സംശയ ബുദ്ധിയോടെ ആളുകൾ വീക്ഷിക്കുമ്പോൾ ശിശുക്കളെക്കുറിച്ച് അങ്ങനെ ചിന്തിക്കുന്നില്ല. പ്രായം കൂടും തോറും കളങ്കവും കന്മഷവും മനുഷ്യനിൽ വർദ്ധിക്കുവാൻ സാധ്യതയുണ്ട്. ശിശുക്കൾ നിരുപദ്രവകാരികൾ ആണ്. ചിരിപ്പിക്കാനും രസിപ്പിക്കാനും സന്തോഷം വർദ്ധിപ്പിക്കുവാനും അവരുടെ സാന്നിദ്ധ്യം വളരെ സഹായകമാണ്. നിഷ്കളങ്കർ, നിഷ്കളങ്ക മനസ്സോടെ സമീപിക്കുന്നതിനാലാണ് അത് സാധ്യമാകുന്നത്. വ്യക്തിബന്ധങ്ങളിൽ കയ്പ്പും വിദ്വേഷവും കലർന്നിരിക്കുന്നതിനാൽ മനസ്സ് പ്രകാശംപോലെ തെളിയുകയില്ല. ശിശുക്കൾക്ക് മാലാഖമാർക്കടുത്ത സ്ഥാനമാണ് പിതാക്കന്മാർ കല്പിക്കുന്നത്. കളങ്കവും പാപക്കറകളും ഇല്ലാത്ത ജീവിതമാണ് അതിന്റെ അടിസ്ഥാനം.

സങ്കീ. 32:2 ൽ ഇപ്രകാരം കാണുവാൻ സാധിക്കും. "യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ". ആത്മാവിൽ കപടമില്ലാത്തവർ ശിശുക്കൾ ആകാം. പറുദീസയിൽ ജീവിച്ച ആദമിന്റെ ആദ്യ അവസ്ഥയിൽ യഹോവ അകൃത്യം കണ്ടെത്തിയില്ല. സ്വർഗ്ഗരാജ്യത്തിന്റെ പ്രവേശനത്തിന് ആത്മാവിന്റെ നിഷ്കളങ്കത സുപ്രധാന ഘടകമാണ്. ശിശുക്കളുടെ ഓശാന സ്തുതിപ്പുകളെ നമ്മുടെ കർത്താവ് അംഗീകരിച്ചു.

കളങ്കരഹിത സ്നേഹം പൈതങ്ങളിൽ ഉണ്ട് അത് ദൈവികമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു, കരുതുന്നു, പോറ്റുന്നു. ഇത് മറന്നുള്ള നമ്മുടെ ജീവിതത്തെ ദൈവം അംഗീക

രിക്കുമോ? ശിശുക്കളുടെ കുറ്റം വിധിക്കാത്ത മനഃസാക്ഷി എത്രയോ വിലയേറിയത്. "ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ല എങ്കിൽ ദൈവസന്നിധിയിൽ നമുക്ക് മുഖപ്രസാദമുണ്ട്". ഇപ്രകാരം 1 യോഹ. 3:21 ൽ പറയുന്നു. ദൈവമുമ്പാകെ ധൈര്യത്തോടെ നിൽക്കാൻ ശിശു സഹജമായ നൈർമല്യം നാം സ്വായത്തമാക്കണം. ഭയമില്ലാതെ ദൈവ മുമ്പാകെ നിൽക്കുന്ന അവസ്ഥയാണ് ക്രിസ്തീയ സ്വാതന്ത്ര്യം. സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്ത ആദം ദൈവസന്നിധിയിൽ നിന്ന് ഒളിച്ചോടി. ഇപ്രകാരം പറയുന്നു. "ജനിച്ചപ്പോഴുള്ള ആത്മാവിന്റെ പരിശുദ്ധിയാണ് നിഷ്കളങ്കത". അതുകൊണ്ട് നാം സ്വർഗ്ഗരാജ്യത്തിന് അവകാശികൾ ആകണമെങ്കിൽ നാം നിഷ്കളങ്കരും കാപട്യം ഇല്ലാത്തവരും ആകേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീരുവാൻ നമുക്ക് ഇടയാകട്ടെ.

### പെന്തിക്കോസ്തിക്കു ശേഷം 11 – ാം ഞായർ
### 2024 ഓഗസ്റ്റ് 4 (മർക്കോസ് 6:7 – 13)

നമ്മുടെ സൃഷ്ടാവും രക്ഷകനും ആയ ക്രിസ്തു തന്റെ 12 ശിഷ്യന്മാരെയും വിളിച്ച് ഈരണ്ടായി അവരെ ദൈവവേല ചെയ്യുന്നതിന് അയക്കുന്നതും, അശുദ്ധാത്മാക്കളെ പുറത്താക്കുന്നതിനുള്ള അധികാരം നൽകുന്നതും, അവർക്ക് ആവശ്യമായ സദോപദേശങ്ങൾ നൽകുന്നതും, അവർ അനുതാപത്തെക്കുറിച്ച് പ്രസംഗിക്കുന്നതിനെക്കുറിച്ചും ആണ് വി. മർക്കോസ് 6:7–13 വരെയുള്ള വേദഭാഗത്ത്.

വി.മർക്കോസ് 6:12 ൽ 'പിന്നീട് അവർ പുറപ്പെട്ടു അനുതപിക്കുവാൻ പ്രസംഗിച്ചു'' എന്ന് പറയുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും, തന്റെ മുന്നോടിയായ സ്നാപക യോഹന്നാന്റെയും, തന്റെ ശിഷ്യന്മാരുടെയും എല്ലാം പ്രധാന ലക്ഷ്യം മാനവിക വർഗ്ഗത്തിന്റെ അനുതാപം അഥവാ മാനസാന്തരം ആയിരുന്നു.

നാം നമ്മുടെ ജീവിതത്തെ തന്നെ ഒന്ന് പരിശോധിക്കുക. നാം അറിഞ്ഞോ, അറിയാതെയോ മറ്റുള്ളവരെ മുറിവേൽപ്പിക്കുന്ന വിധത്തിൽ എത്രയധികം തെറ്റുകൾ നമ്മുടെ ജീവിതത്തിൽ ചെയ്തും, ഇപ്പോഴും അത് ആവർത്തിച്ചു കൊണ്ടും ആണ് ജീവിക്കുന്നത്.

കാലങ്ങൾ ഏറെ ആയിട്ടും, ക്രിസ്തു കാണിച്ചുതന്നതായ ആ സ്നേഹത്തിന്റെ മാതൃകയിലൂടെ പഠിക്കാതെ, ദൈവത്തിൽ നിന്നകന്ന് വ്യക്തി താൽപര്യങ്ങൾക്കായി തെറ്റിന്റെ പുറകെ പോകുന്ന നമ്മുടെ ഈ ജീവിതത്തിൽ ദൈവത്തിങ്കലേക്ക് ഒരു തിരിച്ചുവരവ് ഉണ്ടാകണമെങ്കിൽ നാം മാനസാന്തരപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. നമ്മുടെ തെറ്റുകളെയും, പാപത്തെയും ഉപേക്ഷിക്കുവാൻ നാം തയ്യാറാകുന്നില്ലെങ്കിൽ രക്ഷയുടെ അനുഭവം പ്രാപിക്കുവാനോ ദൈവരാജ്യത്തിന് അവകാശികൾ ആകുവാനോ നാം യോഗ്യരല്ല.

ആയതിനാൽ മാനസാന്തരപ്പെടുവാൻ നാം നമ്മുടെ ജീവിതത്തിൽ ഉറച്ച തീരുമാനം എടുക്കണം. മാനസാന്തരം എന്നാൽ ദുഷ്ചിന്തകളും, ദുഷ്പ്രവൃത്തികളും ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവവചനവും, ഹിതവും അനുസരിച്ച് ജീവിക്കുവാൻ തക്കവിധത്തിൽ നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ചിന്തയേയും എല്ലാം ആത്മീയമായി രൂപാന്തരപ്പെടുത്തുന്നതാണ്. ആയതിനാൽ അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ തെറ്റുകളെ ഓർത്തു വിഷാദത്തിലാകാതെ മറിച്ച് ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് അനുതാപമുള്ളവരായി തീരുവാൻ നമുക്ക് ഇടയാകട്ടെ.

### കൂടാരപെരുന്നാളിനുശേഷം 1 – ാം ഞായർ
### 2024 ഓഗസ്റ്റ് 11 (മത്തായി 21:28 – 32)

ഒരു പിതാവിന്റെ രണ്ട് പുത്രന്മാരിലൂടെ സമൂഹത്തിന്റെ ആത്മാർത്ഥതയില്ലായ്മ വരച്ചുകാട്ടുകയാണ് ക്രിസ്തു ഈ വേദഭാഗത്തിലൂടെ. സ്വന്തം മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ തന്റെ മക്കളോട് ആവശ്യപ്പെട്ട പിതാവ്, ആദ്യമകനോട് മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക എന്ന് പറഞ്ഞപ്പോൾ അവൻ വിസമ്മതിച്ചു. പക്ഷേ പിന്നീട് അനുതപിച്ച് തന്റെ പിതാവിന്റെ കല്പന അനുസരിച്ചു. രണ്ടാമത്തെ മകൻ അനുസരണഭാവം കാണിച്ചു. പക്ഷേ വാസ്തവത്തിൽ അനുസരിച്ചില്ല. അനുസരണയെപ്പറ്റിയും അനുസരണക്കേടിനെപ്പറ്റിയും ആണ് വി.മത്തായി 21: 28–32 വരെയുള്ള വേദഭാഗം പ്രതിപാദിക്കുന്നത്. മാനസാന്തരത്തിലേക്കും യഥാർത്ഥ വിശ്വാസത്തിലേക്കും മടങ്ങിവരുവാനുള്ള യോഹന്നാന്റെ ആഹ്വാനത്തെ അനുസരിക്കാതിരുന്ന യഹൂദപുരോഹിതന്മാർക്കും മൂപ്പന്മാർക്കും ഉള്ള ശക്തമായ താക്കീതു കൂടിയാണ് ഈ ഉപമ.

ഉപമയിലെ ആദ്യത്തെ മകൻ ചുങ്കക്കാരെയും, പാപികളെയും, വേശ്യകളെയുമാണ് പ്രതിനിധീകരിക്കുന്നത്. യോഹന്നാന്റെ ആഹ്വാനത്തോട് തൽക്ഷണം അവർ അനുസരണത്തിന്റെ പരിവേഷഭാവം കാട്ടിയില്ല. എന്നാൽ ക്രമേണ അവരിൽ പലരും മാനസാന്തപ്പെട്ട് ക്രിസ്തുവിൽ വിശ്വസിച്ചു. ഉപമയിലെ രണ്ടാമത്തെ മകൻ യഹൂദ മതപുരോഹിതന്മാരെ പ്രതിനിധീകരിക്കുന്നു. യോഹന്നാന്റെ പ്രസംഗം അവർ അംഗീകരിക്കുന്നു. പക്ഷേ അവരുടെ പാപങ്ങൾ ഏറ്റുപറയുകയോ അനുതപിക്കുകയോ ക്രിസ്തുവിൽ വിശ്വസിക്കുകയോ അവർ ചെയ്തില്ല. ആയതിനാൽ നീതിമാന്മാർ എന്ന് സ്വയം അഭിമാനിക്കുന്നവർക്ക് മുന്നമേ, സ്വന്തം തെറ്റുകൾ ഏറ്റു പറഞ്ഞ് അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്ന പാപികൾ ദൈവരാജ്യത്തിന് അവകാശികൾ ആകുമെന്ന് ക്രിസ്തു ഈ ഉപമയിൽ കൂടി വെളിപ്പെടുത്തിത്തരുകയാണ്.

സിറോഗിലെ യാക്കോബ് "Homily repentance" ൽ ദൈവത്തിന്റെ കരുണയെപ്പറ്റി ധാരാളം പറഞ്ഞിട്ടുണ്ട്. "കർത്താവ് ക്ഷമിക്കുന്നതിന് വൈകുന്നില്ല; നാം അനുതപിക്കുന്നതിനേക്കാൾ അധികം ക്ഷമിക്കാൻ അവൻ ഉത്സുകനാണ്". ദൈവത്തിന്റെ കരുണ തേടുന്നവർക്ക് അത് എപ്പോഴും ലഭ്യമാണ് എന്നാണ് സെറൂഗിലെ യാക്കോബ് ഇവിടെ സൂചിപ്പിക്കുന്നത്.

സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് തിരിച്ചു വരുന്നവർ ദൈവാത്മാവിൽ പ്രചോദിതരാണ്. ദൈവസന്നിധിയിൽ അനുതാപത്തോടെ തിരിച്ചുവരുകയാണെങ്കിൽ ദൈവം നമ്മെ സ്നേഹത്തോടെ വീണ്ടെടുക്കും എന്നുള്ള ധൂർത്ത പുത്രന്റെ പാഠം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മനുഷ്യവംശത്തിന്റെ രക്ഷയെ മുന്നിൽ കണ്ടാണ് ദൈവം മനുഷ്യന് കല്പനകളും നിയമങ്ങളും നൽകിയത്. ആദ്യമനുഷ്യനായ ആദം കല്പന ലംഘിച്ചതുവഴി അനുസരണക്കേട് കാട്ടി എങ്കിൽ രണ്ടാം ആദം ആയ ക്രിസ്തു, തന്റെ ക്രൂശ് മരണത്തിലൂടെ അനുസരണത്തിന്റെ മഹത്വം നമുക്കായി കാണിച്ചു തന്നു.

ജീവിതത്തിൽ പലപ്പോഴും അനുസരണക്കേട് കാട്ടിയിട്ടുള്ളവരാണ് നമ്മൾ ഓരോരുത്തരും. ആയതിനാൽ വന്നുപോയിട്ടുള്ള തെറ്റുകളെ ഓർത്ത് അനുതപിച്ച് കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ച് അനുസരണക്കേടിന് പരിഹാരം നടത്തുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ് നമ്മൾ ഓരോരുത്തരും. ദൈവത്തിന്റെ പുത്രത്വപദവിയിലേയ്ക്കുള്ള വളർച്ചയാണ് ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ടത്.

# ക്യാപ്റ്റൻ ഏബ്രഹാം കുരുവിള വാഴയിൽ (കുരുളേച്ചായൻ)

## അനുസ്മരണം

ജോയി കുറിയാക്കോസ്, കുറ്റിശ്ശേരിൽ,
സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളി, വെളിയനാട്



വാഴയിൽ ക്യാപ്റ്റൻ ഏബ്രഹാം കുരുവിള (കുരുളേച്ചായൻ) ന്റെ വേർപാട് വെളിയനാട് മാർ സ്തേഫാനോസ് വലിയ പള്ളിയെ സംബന്ധിച്ച് തീരാ നഷ്ടം തന്നെയാണ്. കാരണം വാഴയിൽ കുടുംബം ടി പള്ളിയുടെ വലിയ സ്വത്ത് ആയിരുന്നു. സ്വത്തിന്റെ ഒരു വലിയ ഭാഗമാണ് ഇപ്പോൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. കുരുളേച്ചായന്റെ വേർപാട് വെളിയനാട് ദേശത്തിനും ക്നാനായ സമുദായത്തിനും നഷ്ടം തന്നെ. പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത കൂബർനീത്തി ഹാക്കിമോ അഭി. ഏബ്രഹാം മാർ ക്ലീമീസ് തിരുമേനിയ്ക്ക് താങ്ങും തണലുമായി നിന്ന് സ്വന്തം സമുദായത്തെ ആത്മാർത്ഥമായി സ്നേഹിച്ച് സമുദായത്തിന്റെ നിലനിൽപ്പിന് വേണ്ടതെല്ലാം ദാനമായി കൊടുത്ത് സമുദായത്തിന്റെ അന്തസ്സ് നിലനിർത്തിയ ഒരു ശ്രേഷ്ട വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കുരുളേച്ചായന്റെ പിതാവ് വാഴയിൽ റ്റി. ഏബ്രഹാം (കൊച്ചപ്പാപ്പൻ) അദ്ദേഹത്തിന്റെ നിര്യാണം സമുദായത്തിന്റെ ഇപ്പോഴത്തെ തലമുറയ്ക്ക് തീരാ നഷ്ടം തന്നെയാണ്.

കുരുളേച്ചായൻ സ്വന്തം ഇടവകപള്ളിയെ സ്വന്തം ഭവനം പോലെ കരുതിയിരുന്നു. പള്ളിയിൽ വന്നു കഴിഞ്ഞാൽ വി. കുർബ്ബാനയ്ക്കുശേഷം പള്ളി ഭാരവാഹികളുമായി സംസാരിക്കുകയും പള്ളിയിലെ കുറവുകളും പോരായ്മകളും മനസ്സിലാക്കി അവ പരിഹരിക്കുക പതിവായിരുന്നു. ഒരിക്കൽ പള്ളിയിൽ വന്നപ്പോൾ പള്ളിയകത്തു കിടന്നിരുന്ന കയറ്റ്പായ് കേടുപാടുകൾ ഉള്ളതായിരുന്നു. അതിന്റെ അഭംഗി മനസ്സിലാക്കി അത് നീക്കം ചെയ്ത് പുതിയത് മാറ്റി ഇടുന്നതിനായി അന്നത്തെ ഭരണ സമിതിയുമായി ആലോചിക്കുകയും പിറ്റേ ദിവസം തന്നെ മൊത്തം അളവ് എടുത്ത് ആലപ്പുഴയിൽനിന്നും വാങ്ങി കൊണ്ടുവന്ന് പള്ളിയിൽ വിരിക്കുകയും ചെയ്തു. അതുപോലെ തന്നെ പുതിയതായി നിർമ്മിച്ചുകൊണ്ടിരുന്ന പാരീഷ്ഹാളിന്റെ അവസാനഘട്ടം പണിക്ക് സാമ്പത്തിക കുറവ് വന്നപ്പോൾ ഒരു ലോൺ എടുക്കുവാനായി പൊതുയോഗം തീരുമാനിച്ച വിവരം കുരുളേച്ചായനെ അറിയിച്ചപ്പോൾ ലോൺ എടുപ്പിക്കാതെ മൂന്നു ലക്ഷം രൂപ അപ്പോൾ തന്നെ പള്ളി അക്കൗണ്ടിൽ ഇട്ടു തരുകയും പള്ളിയുടെ സ്വത്ത് പണയപ്പെടുത്തണ്ട എന്ന് നിർദ്ദേശിക്കുകയും ചെയ്തതിനാൽ ലോൺ ഉപേക്ഷിക്കുകയും ചെയ്തു. അങ്ങനെ ചെറുതും വലുതുമായ പള്ളിയുടെ ഏത് ആവശ്യങ്ങളും സഹോദരങ്ങളുമായി ആലോചിച്ച് വേണ്ടത് ചെയ്യുമായിരുന്നു.

പള്ളിയുടെ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ട് മാറി, മാറി വരുന്ന ഭരണസമതി അംഗങ്ങൾക്ക് നല്ല നല്ല നിർദ്ദേശങ്ങൾ പറഞ്ഞു തരികയും അപ്രകാരം അത് പ്രാവർത്തികമാക്കുകയും ചെയ്തു. അതുപോലെതന്നെ സാധു സംരക്ഷണത്തിനും മുൻപന്തിയിലായിരുന്നു. ഇടവകയിലെ സാധുക്കളായ കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ധാരാളമായി കൊടുത്തിരുന്നു. പഠനത്തിനുശേഷം ആവശ്യക്കാർക്ക് ജോലി വാങ്ങിക്കൊടുക്കുവാനും മടിയില്ലായിരുന്നു. അങ്ങനെ ദാനധർമ്മത്തിന്റെ ഒരു കലവറയായിരുന്നു വാഴയിൽ കുടുംബം. അത് പിതാവ് മുതൽ ജ്യേഷ്ട സഹോദരൻ ഏബ്രഹാം ജോസഫ് (മോനിച്ചായൻ) കുരുളേച്ചായൻ ഇങ്ങനെ ഇളം തലമുറയിലേയ്ക്ക് കൈമാറിയിരിക്കുന്നതാണ് വാഴയിൽ കുടുംബം.

ഒരിക്കൽ കൊച്ചിപ്പാപ്പന്റെ മരണശേഷം സഹോദരങ്ങൾ ആലോചിച്ച് തീരുമാനിച്ച് അന്നു വെളിയനാടും, എറണാകുളവും തമ്മിലുള്ള അകലം കണക്കിലെടുത്ത് അഭി. തിരുമേനിയുടെ അനുമതിയോടുകൂടി ഇടവക അംഗത്വം എറണാകുളം പള്ളിയിലോട്ടു മാറ്റുവാൻ അപേക്ഷ വച്ചുകാത്തിരുന്നു. എന്നാൽ ഇടവകയ്ക്കും ദേശത്തിനും വാഴയിൽ കുടുംബമായുള്ള ബന്ധം അത്യന്താപേഷിതമായതിനാൽ ഈ തീരുമാനത്തിന് മാറ്റം വരുത്തണമെന്ന് ഭരണസമിതി ഒന്നടങ്കം ആവശ്യപ്പെടുകയും അത് അംഗീകരിച്ചുകൊണ്ട് ഇന്നും തുടർന്നുപോരുന്നു. അങ്ങനെ തലമുറകൾ സ്മരിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമകളാണ് വാഴയിൽ കുടുംബം. ജീവിതത്തിൽ നന്മ മാത്രം ചെയ്യുവാൻ നല്ല മനസ്സുള്ള വാഴയിൽ കുടുംബത്തിന് വെളിയനാട് മാർ സ്തേഫാനോസ് വലിയ പള്ളിയുടെയും വെളിയനാട് കുന്നംങ്കരി ദേശനിവാസികളുടേയും എന്റെ വ്യക്തിപരമായും ഉള്ള ആദരാഞ്ജലികൾ അർപ്പിക്കുന്നു. നമ്മളിൽ നിന്നും വേർപെട്ട് ദൈവസന്നിധിയിൽ ആയിരിക്കുന്ന കുരുളേച്ചായന്റെ ആത്മാവിന് നിത്യശാന്തിയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

# വേദനയിൽ ഒളിച്ചിരിക്കുന്ന വിജയം

റ്റി. സി. തോമസ് തോപ്പിൽ, (ക്നാനായ സമുദായ ട്രസ്റ്റി)

സൂര്യോദയത്തെ പരാജയപ്പെടുത്താൻ കഴിയുന്ന ഒരു രാത്രിയോ, പ്രത്യാശയെ തോൽപ്പിക്കാൻ കഴിയുന്ന ഒരു പ്രതിസന്ധിയോ ഒരിക്കലും ഉണ്ടായിട്ടില്ല. ഹാരിപോട്ടർ കഥകളിലൂടെ ലോകപ്രശസ്തയായ വനിത ജെ.കെ. റൗളിംഗിന്റെ അഭിപ്രായത്തിൽ വേദനയുടെ വേതനമാണ് മഹത്തായ വിജയം. "അസാദ്ധ്യം എന്ന പദം എന്റെ നിഘണ്ടുവിലില്ല" എന്നു പ്രഖ്യാപിച്ചു ധീരനായ നെപ്പോളിയൻ വളരെയേറെ ദാരിദ്ര്യവും കഷ്ടപ്പാടും സഹിച്ചാണ് വളർന്നുവന്നത്. പ്രതിസന്ധികളുടെ തീക്കനലുകൾ തരണം ചെയ്തുവന്ന അദ്ദേഹം ധീരതയുടെ പര്യായമായി ചരിത്രത്തിൽ സ്ഥാനം നേടിയ നെപ്പോളിയൻ ബോണപ്പാർട്ടായി മാറി. ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന വേദകൾക്കു മുൻപിൽ മുഖം തിരിക്കുന്ന ഇന്നിന്റെ ചില യുവജനങ്ങൾ ഓർക്കുക. വേദനകളില്ലാതെ വിജയമില്ല. ദുഃഖമില്ലാതെ സന്തോഷമില്ല. ഒരിക്കൽ കടലിലെ മുത്തുച്ചിപ്പി മത്സ്യത്തോട് ആകുലപ്പെട്ടു. എന്റെ ഉള്ളിൽ കഠിനമായി വേദന അനുഭവപ്പെടുന്നു. മത്സ്യം മറുപടി നൽകി. അതു നിന്റെ ഉള്ളിൽ മനോഹരമായ രത്നക്കല്ലുകൾ രൂപപ്പെടുന്നതു കൊണ്ടാവാം. വിജയത്തിന്റെ പാതയിൽ വേദനയുടെ മുള്ളുകൾ ചിലപ്പോൾ ചിതറി കിടന്നേക്കാം. എന്നാൽ ഉറച്ച ലക്ഷ്യബോധവും ആത്മവിശ്വാസത്തോടെയും മുന്നേറിയാൽ അതിൽ ഒളിഞ്ഞിരിക്കുന്ന വിജയം രുചിക്കുവാൻ സാധിക്കും.

തീയിൽ കുരുത്തത് വെയിലത്തു വാടുകയില്ല എന്ന പഴമൊഴിയുടെ അർത്ഥവ്യാപ്തി വളരെ വലുതാണ്. കുടുംബത്തിലെ കഷ്ടതകളെയും പ്രശ്നങ്ങളെയുംപറ്റി ഒരു തിരിച്ചറിവുമില്ലാതെ വളരുന്ന കുട്ടികൾ ഭാവിയിലെ പ്രതിസന്ധികൾ തരണം ചെയ്യാൻ കഴിയാതെ മാനസികമായി ദുർബ്ബലരാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പ്രതിസന്ധികളെയും വെല്ലുവിളികളെയും നമ്മുടെ സ്വഭാവത്തിന്റെ തനിമ പ്രദർശിപ്പിക്കാനുള്ള അവസരമായി കാണുമ്പോൾ പിൻമാറാനുള്ള പ്രവണത മാറുകയും സൃഷ്ടിപരമായും ധീരതയോടെയും നമുക്ക് പ്രശ്നങ്ങളോടു പ്രതികരിക്കാൻ കഴിയുകയും ചെയ്യും. തന്റെ പരിധിയിൽ വരാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് അസ്വസ്ഥരായി കഴിയുന്നവരുണ്ട്. അവരുടെ ജീവിതം എന്നും അസ്വസ്ഥമായിരിക്കും. ഒരു മനുഷ്യൻ, ഏതു നിമിഷവും ആകാശവും ഭൂമിയും തകർന്നുപോവും, എല്ലാ ജീവജാലങ്ങളും ചത്തൊടുങ്ങും എന്ന് ചിന്തിച്ച് അസ്വസ്ഥതയോടെ ഊണും ഉറക്കവും ഇല്ലാതെ സമയം ചിലവഴിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഈ അവസ്ഥ കണ്ട് ഒരു സുഹൃത്ത് അദ്ദേഹത്തോടു പറഞ്ഞു" പ്രിയ സുഹൃത്തേ ആകാശം എന്നത് വെറും വായുവാണ്. അതുകൊണ്ടുതന്നെ അത് ഒരിക്കലും തകർന്നു നമ്മുടെമേൽ പതിക്കില്ല. എങ്കിലും അയാൾക്ക് സംശയം നീങ്ങിയില്ല. അയാൾ പറഞ്ഞു ആകാശം വെറും വായുവായിരിക്കാം. എങ്കിലും അവിടെയുള്ള സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമുണ്ടല്ലോ. അവ ഏതു നിമിഷവും തകർന്നു താഴെ പതിക്കാനിടയുണ്ട്. സുഹൃത്ത് ശാന്തമായി തികഞ്ഞ ആത്മ വിശ്വാസത്തോടെ ഇപ്രകാരം പ്രതികരിച്ചു. അവയൊക്കെ തമ്മിൽ കൂട്ടി മുട്ടാതെ തകർന്നു നിലം പതിക്കാതെ എത്ര അതിശയമായിട്ടാണ് സർവ്വശക്തൻ അവയെ കോടാനുകോടി വർഷങ്ങളായി ഈ പ്രപഞ്ചത്തിൽ നിലനിർത്തിയിരിക്കുന്നത്. ക്ഷണിക ജീവിതമുള്ള നാം അവയെപ്പറ്റി ചിന്തിച്ച് വ്യകുലപ്പെടേണ്ട കാര്യമില്ല. പകരം ശുഭ ചിന്തകളോടെ ആത്മവിശ്വാസത്തോടെ ഓരോ ദിവസവും മുന്നേറുക. പരാജയത്തിന്റെ കുപ്പത്തൊട്ടിയിൽനിന്ന് വിജയത്തിന്റെ പറുദീസയിലേക്ക് പ്രയാണം ചെയ്യുമ്പോൾ ദൃഢനിശ്ചയമാണ് കൂട്ടിനുണ്ടാകേണ്ടത്.

ഒരിക്കൽ മനോഹരമായ ഒരു പ്രതിമ കാണുവാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് നിരവധിയാളുകൾ വന്നുകൊണ്ടിരുന്നു. പ്രതിമയുടെ തനിമ കണ്ട് എല്ലാവരും അത്ഭുതം പൂണ്ടു. പ്രതിമയുടെ അടുത്തിരുന്ന കല്ല് അതിനോടു ചോദിച്ചു നമ്മൾ ഇരുവരും ഒരു സ്ഥാനത്തുനിന്നും ഇവിടെ വന്നതാണ്. എന്നാൽ നീ ലോകത്തിലെ ഒരു അത്ഭുതമായി മാറിയിരിക്കുന്നു. എന്നെ ചവിട്ടിനിന്നുകൊണ്ട് അവർ നിന്നെ പുകഴ്ത്തുന്നു. പ്രതിമ ഉടനെ കല്ലിനോടു പറഞ്ഞു. നമ്മൾ ഇരുവരും ഒരു സ്ഥാനത്തുനിന്നു. നമ്മളെ രണ്ടുപേരെയും ഒരേ മനുഷ്യൻ തന്നെ അയാളുടെ ആലയിലേക്കു കൊണ്ടുപോയി. നിന്നെയായിരുന്നു ആദ്യം അയാൾ പ്രതിമക്കുവേണ്ടി വെട്ടിയൊരുക്കാൻ തെരഞ്ഞെടുത്തത്. എന്നാൽ ഓരോ നിമിഷവും അയാൾ നിന്നെ വെട്ടിയൊരുമ്പോഴും നീ അയാളുടെ കൈയ്യിൽനിന്ന് വഴുതിമാറി. കല്ല് തലകുലുക്കി പറഞ്ഞു അയാൾ എന്നെ കഠിനമായി അടിച്ചപ്പോൾ ആ വേദന എനിക്കു സഹിക്കുവാൻ കഴിഞ്ഞില്ല. പ്രതിമ വീണ്ടും പറഞ്ഞു നീ അയാളുടെ കൈയ്യിൽ ഒതുങ്ങുന്നില്ല എന്നു കണ്ടപ്പോൾ അയാൾ എന്റെ അടുത്തേക്കു വന്നു. അയാൾ എന്നെ വെട്ടിയൊരുക്കാൻ തുടങ്ങി. ഞാൻ അത് സന്തോഷപൂർവ്വം സഹിച്ചു. അയാളുടെ ആലയിൽ ഞാൻ ഒരു പാടു വേദനിച്ചു. എന്നാൽ ആ വേദനകൾക്കൊടുവിൽ ഞാൻ വ്യത്യസ്ഥനായി മാറി. ഒരു മനോഹര പ്രതിമയായി രൂപാന്തരപ്പെട്ടു. ഇന്ന് ലോകം എന്നെ എന്റെ വ്യത്യസ്തതയെ നോക്കി ആശ്ചര്യപ്പെടുന്നു.

If there is no struggle there is no prograss. പ്രതിസന്ധികൾ ഉപ്പുപോലെയാണ്. ഉപ്പ് ഭക്ഷണം ആസ്വാദ്യമാക്കുന്നതുപോലെ ജീവിതത്തിന്റെ എരിവും പുളിയും വർദ്ധിപ്പിക്കുന്ന ഘടകമായി വിലയിരുത്തുന്നു. രാത്രിയും പകലും പരസ്പരം പൂരകങ്ങൾ ആയിരിക്കുന്നതുപോലെ വിജയവും പരാജയവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിജയമില്ലെങ്കിൽ പരാജയത്തിന് പ്രസക്തിയില്ല. പരാജയമില്ലെങ്കിൽ വിജയത്തിനു മാധുര്യവും ഓർക്കുക, ജീവിതം ആർക്കും പൂമെത്തകൾ വിരിച്ച പാത സമ്മാനിക്കുന്നില്ല. കല്ലും മുള്ളും നിറഞ്ഞ പാതയിൽ നഗ്നപാദനായി മുന്നേറുവാനുള്ള ആത്മവിശ്വാസമുണ്ടാകണം. ചെറിയ കല്ലുകൾ തട്ടുമ്പോൾ യാത്ര മതിയാക്കി മടങ്ങരുത്. വേദന ഇല്ലാത്ത ലോകത്ത് സുഖത്തിനു വിലയുണ്ടാകില്ല. ജീവിതത്തിൽ പലപ്പോഴും കാലിടറി കുഴിയിൽ വീണേക്കാം. മറ്റുള്ളവർ നിങ്ങളെ കുറ്റപ്പെടുത്തുമ്പോഴും അധിക്ഷേപിക്കുമ്പോഴും വേദനയുണ്ടായേക്കാം. എന്നാൽ അവയിൽനിന്നും രക്ഷപെടാനുള്ള ഒരേ ഒരു മാർഗ്ഗം അവയൊക്കെ കുടഞ്ഞുകളഞ്ഞ് അവയ്ക്ക് മുകളിൽ കയറി നിൽക്കുക എന്നതാണ്.

# യഹോവ നിന്നെ വാലല്ല തലയാക്കും

**സീമ ഷിന്റോ, കന്നിയേൽ, റാന്നി**

"യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ. യഹോവയുടെ വിശുദ്ധന്മാരേ അവനെ ഭയപ്പെടുവീൻ, അവന്റെ ഭക്തന്മാർക്ക് ഒന്നിനും മുട്ടില്ലല്ലോ." യഹോവയിൽ ശരണം പ്രാപിക്കുന്ന മനുഷ്യരുടെ പ്രത്യേകതകൾ എന്തെക്കെയാണ്? അവന്റെ ഭക്തന്മാർക്ക് ഒന്നിനും ഒരു കുറവും ഉണ്ടാവുകയില്ല. ശക്തരും ധീരനുമായ ബാലസിംഹങ്ങൾ പോലും പലപ്പോഴും ഇര കിട്ടാതെ വിശന്നിരിക്കും. എന്നാൽ യഹോവയെ അന്വേഷിക്കുന്നവർക്ക് ഒരു നന്മ യ്ക്കും കുറവുണ്ടാവുകയില്ല. ദൈവവുമായി ജീവിതത്തിൽ ഒരു ബന്ധം ഉണ്ടാകുമ്പോൾ തന്നെ സമൃദ്ധമായ ജീവൻ നമ്മിൽനിന്നും ഒഴുകും. ഒരു ക്രിസ്ത്യാനിയുടെ ജീവിതം മുന്നോട്ട് പോകുന്നതുപോലും സ്വർഗ്ഗത്തിലെ അപ്പന്റെ മുഖത്തേക്ക് പ്രത്യാശയോടെ നോക്കുന്നതുകൊണ്ടാണ്. ജീവിതത്തിലെ പല പ്രതിസന്ധിഘട്ടങ്ങളിലും കൈപിടിച്ചു താങ്ങുന്ന ആണിപ്പഴുതുള്ള ഒരു കരമാണ് ജീവിത നൗക ഉലയാതെയും തകരാതെയും മുന്നോട്ട് നീക്കുന്നത്.

ദൈവവുമായുള്ള ബന്ധത്തിൽ ജീവിക്കുന്ന ആ വിശ്വാസിക്ക് എത്ര വലിയ പ്രയാസങ്ങൾ മുന്നിൽ നിരന്നുനിന്നാലും അതിന്റെയൊക്കെ മധ്യത്തിൽ സ്വർഗ്ഗീയ സമാധാനം മനസ്സിൽ ഉണ്ടാവുന്നു. യഹോവയുടെ കല്പനകൾ പ്രമാണിച്ചു നടക്കുന്ന ഒരുവന് ദൈവം കൊടുക്കുന്ന നന്മകൾ എന്തൊക്കെയാണ്? നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ടനുസരിച്ചാൽ പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും. വയലിൽ നീ അനുഗ്രഹിക്കപ്പെടും. നിന്റെ കൃഷിഫലവും, മൃഗങ്ങളുടെ ഫലവും ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും. നിന്റെ തലമുറ അനുഗ്രഹിക്കപ്പെടും. നിന്റെ കൊട്ടയും മാവും കുഴയ്ക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും. അകത്തു വരുമ്പോഴും പുറത്തു പോകുമ്പോഴും നീ അനുഗ്രഹിക്കപ്പെടും. നിന്റെ ശത്രുക്കളെ യഹോവ നിന്റെ മുന്നിൽ തോൽക്കുമാറാക്കും. നിന്റെ ശത്രുക്കളുടെ നിന്ദയ്ക്ക് ദൈവം നിന്നെ ഏൽപ്പിച്ചു കൊടുക്കുകയില്ല. അവർ ഒരു വഴിയായി നിന്റെ നേരെ വരും. എന്നാൽ ഏഴു വഴിയായി അവർ നിന്റെ മുന്നിൽ നിന്ന് ഓടിപ്പോകും.

1-ാം സങ്കീർത്തനത്തിൽ യഹോവയെ ആശ്രയിക്കുന്നവരെക്കുറിച്ച് പറയുന്നത് പ്രകാരമാണ് "അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷമായി നിലകൊള്ളും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും. "They are like trees planted along the riverbanks, bearing fruits each season without fail. Their leaves never wither, and in all they do, they prosper".

യഹോവയുടെ വാക്കു കേട്ടനുസരിച്ചു നടന്നാൽ യഹോവ നിന്റെ കളപ്പുരകളിലും നീ തൊടുന്ന എല്ലാറ്റിലും നിനക്ക് അനുഗ്രഹം കല്പിക്കും. നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് അവൻ നിന്നെ അനുഗ്രഹിക്കും. നിനക്ക് തരുമെന്ന് യഹോവ നിന്റെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്ത് യഹോവ നിന്റെ നന്മയ്ക്കായി ഗർഭഫലത്തിലും, കന്നുകാലികളുടെ ഫലത്തിലും നിന്റെ നിലത്തിലെ ഫലത്തിലും നിനക്ക് സമൃദ്ധി നൽകും. തക്കസമയത്ത് നിന്റെ ദേശത്ത് മഴ തരുവാനും നിന്റെ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ നിനക്ക് തന്റെ നല്ല ഭണ്ഡാരമായ ആകാശം തുറക്കും. നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല, തലയാക്കും, നീ ഉയർച്ച തന്നേ പ്രാപിക്കും, താഴ്ച പ്രാപിക്കയില്ല.

യഹോവയുടെ നാമത്തെ അറിയുന്നവർ യഹോവയിൽ ആശ്രയിക്കുന്നു. അവരെ യഹോവ ഒരുനാളും ഉപേക്ഷിച്ചു കളയുകയില്ല. പ്രയാസ വേളകളിൽ അവരെ കരം പിടിച്ച് താങ്ങുന്നു എന്നാൽ ദുഷ്ടന്മാരുടെ നേരെ യഹോവ കണികളെ വർഷിപ്പിക്കും. തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും. എന്നാൽ യഹോവയുടെ കല്പനകളെ ആചരിക്കുന്നവൻ ആ പൊൻമുഖം കണ്ട് സന്തോഷിക്കും. യഹോവയുടെ കല്പനകളെ അനുസരിച്ച് ജീവിക്കുന്നവരെ അവിടുന്ന് സകല ഭയത്തിൽ നിന്നും വിടുവിക്കുന്നു. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാർക്ക് ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. യഹോവ നല്ലവൻ എന്നു രുചിച്ചറിയുകയും യഹോവയെ ശരണം പ്രാപിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. യഹോവയുടെ ഭക്തന്മാർക്ക് ഒരു നന്മയ്ക്കും ഒരു കുറവും ഉണ്ടാവുകയില്ല. ഏതു പ്രതിസന്ധികളിലും യഹോവയുടെ ഭക്തന്മാർക്ക് ചുറ്റും അവിടുന്ന് പാളയമിറങ്ങി അവരെ രക്ഷിക്കുന്നു. ശക്തരും ബലമേറിയവരും ധീരരുമായ ബാലസിംഹങ്ങൾപോലും ഇരുട്ടാതെ പലപ്പോഴും വിശന്നിരിക്കും എന്നാൽ യഹോവയോട് അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവില്ല. യഹോവയെ ശരണംപ്രാപിക്കുന്നവരെല്ലാവരും സന്തോഷിക്കും. യഹോവ അവരെ പരിപാലിക്കുന്നതുകൊണ്ട് അവർ ആനന്ദിച്ചാർക്കും. യഹോവയുടെ നാമത്തെ സ്നേഹിക്കുന്നവർ യഹോവയിൽ ഉല്ലസിക്കും. യഹോവ നീതിമാനെ എന്നേക്കും അനുഗ്രഹിക്കുകയും പരിചകൊണ്ടെന്നപോലെ ദയകൊണ്ട് അവരെ മറക്കുകയും ചെയ്യും. So taste and see that the Lord is good: Blessed is the man who takes refuse in him.




പാൽക്കാരി ചന്തയിലേക്ക് പോവുകയായിരുന്നു. തലയിൽ ഒരു കുടം നിറയെ പാലുമായാണ് യാത്ര.

ചന്തയിൽ ഈ പാല് മുഴുവൻ ചെലവായാൽ കിട്ടുന്ന സംഖ്യ എത്രയായിരിക്കുമെന്ന് അവൾ കണക്കുകൂട്ടി. ആ പണംകൊണ്ട് എന്തു ചെയ്യണമെന്നായി അവളുടെ ആലോചന. അങ്ങനെ അവൾ മനോരാജ്യത്തിൽ മുഴുകി.

'ആദ്യമായി കുറച്ച് കോഴികളെ വാങ്ങും' അവൾ തന്നെത്താൻ പറഞ്ഞു: 'അവ ദിവസവും മുട്ടയിടും. ആ മുട്ടകൾ വിറ്റ് ഞാൻ ഭംഗിയുള്ള കുറെ വസ്ത്രങ്ങൾ വാങ്ങിക്കും.'

'പച്ച സാരിയും പച്ച ബ്ലൗസുമാണ് എനിക്ക് ചേരുക. സാരിയിൽ സ്വർണ്ണക്കമ്മലും പിടിപ്പിക്കണം. സ്വർണ്ണക്കില്ലും അണിയണം.

'എല്ലാ അണിഞ്ഞ് ചന്തയിലേക്ക് ഒരു പോക്കുണ്ട്. മുഴുവൻ ചെറുപ്പക്കാരുടെയും നോട്ടം എന്റെ മേലായിരിക്കും. ഹോ....! ചിലർ പതുക്കെ എന്റെ അടുത്തുകൂടി എന്തെങ്കിലും പുന്നാരം പറയാനാവും ശ്രമിക്കുക. അപ്പോൾ കണ്ടില്ലെന്ന ഭാവത്തിൽ ഇങ്ങനെ തല വെട്ടിച്ച് നടക്കണം' എന്നു പറഞ്ഞുകൊണ്ട് അവൾ സാരിത്തുമ്പ് നേരെയാക്കുംപോലെ കാണിക്കുകയും തല വെട്ടിക്കുകയും ചെയ്തു.

'പ്ധോം'... തലയിലിരുന്ന പാത്രം താഴെ വീണു. അതിലെ പാലെല്ലാം നിലത്തൊഴുകിപ്പോയി! മനക്കോട്ടയുടെ ശവപ്പറമ്പിൽ ഒരു ദുഃഖം മാത്രം ബാക്കിയായി വെറും കൈയ്യോടെ വീട്ടിൽ ചെ ന്നാൽ എന്തു പറയും?

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**സംഖ്യാ പുസ്തകം**
**ജൂലൈ മാസത്തിലെ ചോദ്യങ്ങൾ**

1. മിസ്രയിമിൽ നിന്നും പുറപ്പെട്ടതിനുശേഷം ആദ്യമായി നടത്തിയ ജനസംഖ്യയെടുപ്പിൽ എണ്ണപ്പെട്ട പുരുഷന്മാർ എത്ര?
2. അഹരോന്റെ ആദ്യജാതൻ ആര്?
3. യിസ്രായേൽ മക്കൾ ആദ്യമായി പെസഹ ആചരിച്ചതെവിടെ വെച്ച്?
4. കാലേബിന്റെ ഗോത്രം ഏത്?
5. യിസ്രായേൽ മക്കൾ തലമുറയായി വസ്ത്രത്തിന്റെ കോൺ തലയ്ക്കലെ പൊടിപ്പിൽ കെട്ടുന്ന ചരടിന്റെ നിറം എന്ത്?
6. മത്സരികൾക്ക് ഒരു അടയാളമായി സാക്ഷ്യപ്പെട്ടകത്തിൽ സൂക്ഷിച്ചിരിക്കുന്നതെന്ത്?
7. ജാതികളിൽ മുമ്പൻ ആര്?
8. താൻ പിടിച്ചെടുത്ത പട്ടണത്തിനു തന്റെ പേരിട്ടതാര്?
9. കനാൻ ദേശത്തുള്ള സങ്കേത നഗരങ്ങൾ എത്ര?
10. അഹരോന്റെ ആയുഷ്ക്കാലം എത്ര?

**ജൂൺ മാസത്തിലെ ഉത്തരങ്ങൾ**

1. സമാധാന യാഗത്തിൽ (3:6)
2. നാദാബും അബിഹുവും
3. രക്തം (7:14)
4. നേരിയമാവ് (2:1)
5. കുളമ്പു രണ്ടായി പിളർന്നതും അയവിറക്കുന്നതും (11:3)
6. ഒന്നാം മാസം 14-ാം തീയതി (23:4-5)
7. 7-ാം മാസം 15-ാം തീയതി (23:34)
8. യോബേൽ സംവത്സരം (25:10)
9. ശെലോമിത്ത് (24:10-11, 23)
10. ഒരു സംവത്സരം (25:29)

# ബുക്ക് സെന്റർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു

ക്നാനായ സമുദായത്തിന്റെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിൽ (പുത്തൻപള്ളിക്ക് എതിർവശം) ക്നാനായ ബുക്ക് സെന്റർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ദൈവാലയത്തിനു ആവശ്യമായ പുസ്തകങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഐറ്റംസും ഇവിടെ നിന്നും ലഭ്യമാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ ആണ് പ്രവർത്തന സമയം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Ph. 9497226451, 8921119021



ST. PAUL'S KNANAYA
PRAYER GROUP
Riyadh Saudi Arabia
MANAGING COMMITTEE 2024-2025
PRESIDENT
SHIJU OOMMEN
Thekkethil
St. Mary's Knanaya Church
Kattoda - Vallamkulam
+966 53 398 6635
SECRETARY
ALAN THOMAS
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni
+966 50 875 9888
TRUSTEE
BOBAN ABRAHAM
Nedungattethu
St. Mary's Knanaya Church
Mazhukeer
+966 56 768 8230
PRAYER LEADER
NIBIN BABU
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni
COMMITTEE MEMBER
VINOD ABRAHAM
Karippal
St.Mary's Knanaya Church
Cherukulanji - Ranni
COMMITTEE MEMBER
SHYNU JOY
Nedungattethu
St.Mary's Knanaya Church
Mazhukeer
COMMITTEE MEMBER
MON PUNNOOSE
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni
COMMITTEE MEMBER
RIKKU ABRAHAM
Kunnumpurathu
St.Mary's Knanaya
Valiyapalli - Kottayam
COMMITTEE MEMBER
JEBIN ELIYAS
Kurianparambil
St.John's knanaya church
Vadayuram
SUNDAY SCHOOL HEADMISTRESS
ANU NIBIN
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni
VANITHASAMAJAM COORDINATOR
ASHA SHIJU
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam
YOUTH COORDINATOR
REMYA TINO
Kavithazha
St. George Knanaya
Valiyapalli Neelamperoor
Advt - O

# ST. GEORGE KNANAYA CHURCH,
## DUBAI, UAE
## Managing Committee 2024-26

Vicar



**Fr. Libin Abraham Kannakuzhiyil**

Trustee



**Biju Uthuppan Thamarath**

Secretary



**Bintumon P. Mathew Puthenparampil**

Vice President



**Rajan Thomas Kunnumpurathu**

Joint Trustee



**Joby Kurien Kannakuzhayathu**

Joint Secretary



**Amal Kuriakose Mazhuvencheril**

## Committee Members



**Afin Abraham Paranickal**



**Anil Abraham Perumkannaril**



**Anish Mathew Vadavuparampil**



**Byju Joseph Kizhakethil**



**Jithin Zachariah Konneckal Puthenveedu**



**Joy Jacob Anjilimoottil**



**Linnish Mathew Mammoottil**



**Saji Thomas Kozhimattam**



**Soney Abraham Thykoodathil**

Auditor



**Arun Babu Pulivelil**

Association Members



**Bintumon P. Mathew Puthenparampil**



**Sajan Zachariah Coipurathu**

Advt - O

3–ാം ചരമവാർഷികം

27–07–2024



Advt -S

## വത്സമ്മ മാത്യു

മുക്കടയിൽ, കുറ്റൂർ, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

4–ാം ചരമവാർഷികം

29–07–2024



Advt - O

## എൽസമ്മ ജേക്കബ്

കോവൂർ, തോട്ടമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

3–ാം ചരമവാർഷികം

11–07–2024



Advt -S

## ലീലാമ്മ കുറിയാക്കോസ്

ഇടശ്ശേരിൽ, തോട്ടമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*8th Birthday in Heaven*

29–07–2024



Advt -S

## P. O. Kuriakose

(Thankachen Pallical)

Puthuparambil, Chollanal, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

**2-ാം ചരമവാർഷികം**
31-07-2024

**10-ാം ചരമവാർഷികം**
19-06-2024





**കെ.റ്റി. കുറിയാക്കോസ്** **മോളി കുറിയാക്കോസ്**

**അലഞ്ചേരിൽ (കാരിയിൽ), കുറിച്ചി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -S

**2-ാം ചരമവാർഷികം**
23-07-2024



# ലിജി ജെയിംസ്

**ഈശ്വരൻ പറമ്പിൽ, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R




Advt -O

**7-ാം ചരമവാർഷികം**
18-07-2024



**എം.സി. ചാക്കോ**
(Retd. Post Master)

**6-ാം ചരമവാർഷികം**
1-11-2024



**കുഞ്ഞൂഞ്ഞമ്മ ചാക്കോ**

**മൂലേത്തറയിൽ, വൻമഴി, പാണ്ടനാട്, ചെങ്ങന്നൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**3-ാം ചരമവാർഷികം**
03-07-2024



**Valsamma Chacko**
(Died on 03-07-2021)
Kodinjupallathu, Kurichy

**27-ാം ചരമവാർഷികം**
03-07-2024



**Jacob George**
(Died on 03-07-1997)
Kaitharam, Vennikulam

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു,
വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം
എനിക്കായി വച്ചിരിക്കുന്നു."

By Sorrowing Family

9-ാം ചരമവാർഷികം
15-06-2024

1-ാം ചരമവാർഷികം
10-07-2024



T.R.തോമസ്സ്
([illegible])

അച്ചാമ്മ തോമസ്സ്
([illegible])

[illegible]

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

[illegible]

Advt - O

**30**–ാം ചരമവാർഷികം

04–07–2024



## ചാണ്ടി ചുമ്മാർ (പത്രോച്ചൻ)

പാലക്കുടി – മാടക്കൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt - O

**1**–ാം ചരമവാർഷികം

24–07–2024



## അച്ചാമ്മ ചാക്കോ

വരാച്ചേരിലായ പുത്തൻപറമ്പിൽ, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

**3**–ാം ചരമവാർഷികം

27–07–2024



## സുനിൽ പി.പി.

പനച്ചിമൂട്ടിൽ, വാകത്താനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**50–ാം ചരമവാർഷികം**
27–07–2024

**40–ാം ചരമവാർഷികം**
09–04–2024



**കെ.ജെ. യോഹന്നാൻ**

**മറിയാമ്മ യോഹന്നാൻ**

**കണ്ടക്കോട്ട്, രാമമംഗലം**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



*12nd Death Anniversary*
15 - 08 - 2024

# SHIJU JACOB

**Manakalayil House,**
**Kuttoor, Thiruvalla**

*"In our heart, you will always be alive,*
*your presence is deeply missed and*
*your memory is cherished forever"*

By
Wife - **Beena**
Daughter - **Annika**
**Manakalayil & Manalelchirayil Family**
**"Miss you Appa"**

Advt - O



9 Months in Heaven
13 - 07 - 2024
40th Day of Demise
06 - 07 - 2024
Thomas Kaippakasseril
06-07-1939 to 13-10-2023
Baby Thomas
19-08-1942 to 27-05-2024
Missing you dear Daddy & Mummy
Cherian & Sindhya Thomas Aelamkulam
Dr Santhosh & Riya Thomas Kaippakaseril
Reno & Sheethal Abraham Panachamoottil
We love you Appachen & Ammachi
Juliana, Angelina, Isaiah, Alexa,
Amelia, Liam & Luke
Whoever dwells in the shelter of the Most High will rest in the shadow of the Almighty. I will say of the LORD, "He is my refuge and my fortress, my God, in whom I trust."
Psalm 91:1-2
Advt - O

## 25–ാം ചരമവാർഷികം

19–07–2024



**ഉതുപ്പാൻ ഏബ്രഹാം (അവറാച്ചൻ)**

## 17–ാം ചരമവാർഷികം

23–05–2024



**പെണ്ണമ്മ ഏബ്രഹാം**

കുളത്രാമണ്ണിൽ, മഴുക്കീർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2–ാം ചരമവാർഷികം

18–07–2024



**മോളി ജോസഫ്**

നീണ്ടിശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 6–ാം ചരമവാർഷികം

24–07–2024



**ഏബ്രഹാം മാണിക്യമംഗലം**

**Manikamangalam, Puzhavathu
Changanassery, (Connecticut, USA)**

യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു
വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശവെച്ചുകൊൾവിൻ
1 Peter 1:13

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

*21st Death Anniversary*

11 - 09 - 2024



## Er. P.C. Jacob (Jacobkutty)

*2nd Death Anniversary*

19 - 07 - 2024



## Chachiamma Jacob

(Retd. Teacher)

W/o Late P.C. Jacob

**Purathayil, Ennicadu**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

*10th Death Anniversary*

12 - 08 - 2024



## C.O. UTHUPPAN

*2nd Death Anniversary*

15 - 07 - 2024



## AMMINIKUTTY UTHUPPAN

**Chittedathu, Therittamada, Ranni**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 53 -ാം ചരമവാർഷികം
21-07-2024



## ഇ.എ. മാത്യു (പാപ്പച്ചൻ)

## 31 -ാം ചരമവാർഷികം
15-07-2024



## ഇ.എം. രാജു

ഇളകുറ്റൂർ പടിഞ്ഞാറേതിൽ, വെസ്റ്റ് ഓതറ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 -ാം ചരമവാർഷികം
11-10-2024

## 1 -ാം ചരമവാർഷികം
10-07-2024



## M.T. Abraham (കുട്ടായി)

## Achamma Abraham

Manimalethu, Ranny

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 1 -ാം ചരമവാർഷികം
22-07-2024



## ജെസ്സി കുറിയാക്കോസ്

മണലിത്തറ, തിരുവൻവണ്ടൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1st Death Anniversary
20 - 07 - 2024



## Annamma Mathai

Kallumala, Kuttoor, Thiruvalla (Mumbai)

By Sorrowing Family

Advt - O




Advt - O

## 5-ാം ചരമവാർഷികം

19-07-2024




ചെറുവട്ടക്കാട്ട്, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1-ാം ചരമവാർഷികം

26-07-2024



കെ. റ്റി. ചാക്കോ

## 1-ാം ചരമവാർഷികം

22-07-2024



കെ. റ്റി. മർക്കോസ്

കോയിത്ര, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 40-ാം ചരമദിനം

27-07-2024



റ്റി. സി. ഏലിയാസ്

ചാലുങ്കൽ, വാകത്താനം

"ഞാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു," (വെളിപാട് 14: 13)

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 40-ാം ചരമദിനം

28-07-2024



## Jacob Kurian (69) (Aniyachen)

Kochulumthuruthil, Neelamperoor

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt- R

## 6-ാം ചരമവാർഷികം

27-07-2024



## അച്ചാമ്മ ഏബ്രഹാം

മലേശ്ശേരിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



*1st Death Anniversary*

29 - 07 - 2024

## Mrs. Ramani Thomas (Saramma)

W/o Mr. K.C. Thomas
Komadathusseril (H)
Mazhukeer, Kallissery

Advt - O

"Days will pass and turn into years but you will always be remembered"
Fondly with silent tears by Grieving family.

## 2-ാം ചരമവാർഷികം

27- 07 - 2024



### കെ. യു ഏബ്രഹാം (കുഞ്ഞൂഞ്ഞ്)

കുര്യൻപറമ്പിൽ, ചാന്നാനിക്കാട്

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40-ാം ചരമദിനം

26- 07 - 2024



### അന്നമ്മ ഉതുപ്പാൻ

കുനിയാടത്ത്, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 44-ാം ചരമവാർഷികം

20-07-2024

## 2-ാം ചരമവാർഷികം

19-07-2024





### കെ.സി. ഏബ്രഹാം (അവറാച്ചൻ)

### കെ.സി. സൈമൺ (അനിയൻകുഞ്ഞ്)

ഓണാട്ട്, കോട്ടയം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 4-ാം ചരമവാർഷികം

29- 07 - 2024



### P.M. THOMAS

(കുഞ്ഞുമോൻ)

**Palamthara, Angadi, Ranni**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

**21–ാം ചരമവാർഷികം**
19-02-2024

**14–ാം ചരമവാർഷികം**
28-07-2024





**അമ്മിണി തോമസ്**

**റ്റി. സി. തോമസ്**
(കുഞ്ഞുമോൻ)

കൈപ്പുഴ മുള്ളാനിൽ
സീതത്തോട്

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

**2–ാം ചരമവാർഷികം**
24- 07 - 2024



**ജയിംസ് ജോർജ് (അനിയൻ)**
പുത്തൻപുരയ്ക്കൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

*40th Day of Departure*
July 21, 2024



**Capt. Abraham Kuruvilla**
Vazhayil, Ernakulam
(Former Chairman and Managing Director, The Dredging Corporation of India Ltd)

Advt - O

40–ാം [illegible]
28-7-2024 (ഞായർ)



**പി. സി. പുന്നൂസ്**
(അനിയൻ - 86)
Rtd. Civil Engineer, Ministry of Defence, Sultanate of Oman
പനച്ചയിൽ, കൂറ്റൂർ

[illegible]

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 3–ാം ചരമവാർഷികം

17- 07 - 2024



### കെ.സി. ഏബ്രഹാം

(പാപ്പച്ചൻ)

**കുന്നേലായ കാരിയിൽ, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 10th Death Anniversary

18 – 07 – 2024



### Ulahannan Cheriyan (Kunjukunju)

**Thekkeparambil, Veliyanad**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## വേർപാടിന്റെ ഒന്നാം വർഷം

02-07-2024

### റവ. ഫാ. വി. ഒ. ഏലിയാസ്

**വലിയപറമ്പിൽ**

**കുന്നംങ്കരി**

"ആചാര്യേശാ മശിഹാ കുദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# S.S.L.C., C.B.SE., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

S.S.L.C



**Ryan Kuruvilla Roney**
S/o റോണി കുരുവിള & ജിപ്സി
പള്ളാത്തുശ്ശേരി, വൈറ്റില
സെന്റ് ജോർജ് ക്നാനായപള്ളി
മുളയ്ക്കാതുരുത്തി



**Johana Mariam**
D/oജെബി കെ.ജോസഫ് &അൻസു
പുത്തൻപുരയ്ക്കൽ
സെന്റ് തോമസ് വലിയപള്ളി
തോട്ടമൺ, റാന്നി



**Leon Philip Laiju**
S/o ലൈജു കെ.ഫിലിപ്പ് & ബിനു
പെരിഞ്ചേരിൽ
സെന്റ്മേരീസ് ക്നാനായപള്ളി
വെള്ളുത്തുരുത്തി



**Leona Achu Laiju**
D/o ലൈജു കെ.ഫിലിപ്പ് & ബിനു
പെരിഞ്ചേരിൽ
സെന്റ്മേരീസ് ക്നാനായപള്ളി
വെള്ളുത്തുരുത്തി



**Alna Elsa Punnoose**
D/o പുന്നൂസ് ഏബ്രഹാം &സിനി
ചെറുതറയിൽ
സെന്റ്മേരീസ് ക്നാനായപള്ളി
ഇരവിപേരൂർ



**Aksa Aniyankunju**
D/o വി.കെ. അനിയൻകുഞ്ഞ്&അനു
വടക്കേൽ
സെന്റ്മേരീസ് ക്നാനായപള്ളി
ഇരവിപേരൂർ



**Aaron Mathew Sibi**
S/o സിബി മാത്യു & റോണി
ആലമുറ്റത്ത്
സെന്റ്മേരീസ് ക്നാനായപള്ളി
പുനലൂർ



**Alona Mathew**
D/o അജു പി. മാത്യു & റീത
പോഴിയിൽ
സെന്റ്മേരീസ് ക്നാനായപള്ളി
പുനലൂർ



**Feba Saji**
D/o സജി ബേബി & ബിജി
തുണ്ടിയത്ത്
സെന്റ്മേരീസ് ക്നാനായ വലിയ
പള്ളി, കോട്ടയം



**Sera Anna Aji**
D/o അജി എം. ജേക്കബ്& നിഖില
മാടയ്ക്കൽ (പാലക്കുടി), പള്ളം
സെന്റ്ജോൺസ് ദയറാപള്ളി
ചിങ്ങവനം



**Shobal Mathew Punnoose**
S/o പുന്നൂസ് ഏബ്രഹാം & ജിൻസി
തയ്യിൽ
മാർ യൂഹാനോൻ ക്നാനായ
പള്ളി, എണ്ണിക്കാട്



**Hanna Sara Pramod**
D/o പ്രമോദ് എം. ജോസ് &
ഷൈനി, പോഴിയിൽ
സെന്റ്ജോൺസ് ക്നാനായപള്ളി
തുരുത്തിക്കാട്



**Niya Kuriakose**
D/o കുറിയാക്കോസ് മാത്യു &
ഷൈനി, കളരിയ്ക്കമുറിയിൽ
സെന്റ് ജോർജ് ക്നാനായ
കുരിശുപള്ളി ഒഴുവൻപാറ



**Silla Anna Regi**
D/o റെജി കെ. ഏബ്രഹാം &
അനു റെജി, കൊല്ലംപറമ്പിൽ
ചാന്നാനിക്കാട്
സെന്റ് ജോൺസ് ദയറാപള്ളി
ചിങ്ങവനം



**Alona Elbin**
D/o ഏൽബിൻ ഏബ്രഹാം &
ബിജി, തുണ്ടിയിൽ
